AXIS BANK

**1. നിർവചനങ്ങൾ**

1.1. "അക്കൗണ്ട്(കൾ)" എന്നാൽ സിഐബി സേവനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ ഉപഭോക്താവിന്റെയും ആക്സിസ് ബാങ്ക് അക്കൗണ്ടുകൾ എന്നാണ് അർത്ഥമാക്കുന്നത്. കറന്റ് അക്കൗണ്ടുകൾ, പിന്നീട് തുറക്കുന്ന പുതിയ അക്കൗണ്ടുകൾ, ആക്സിസ് ബാങ്കിലെ ഭാവി അക്കൗണ്ടുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

1.2. "കസ്റ്റമർ" അല്ലെങ്കിൽ "ക്ലയന്റ്" അല്ലെങ്കിൽ "കമ്പനി" എന്നാൽ ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ സിഐബി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന വ്യക്തി/സ്ഥാപനം എന്നാണ് അർത്ഥം.

1.3. "സിഐബി" അല്ലെങ്കിൽ "ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ" അല്ലെങ്കിൽ "കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗ്" അല്ലെങ്കിൽ "സേവനങ്ങൾ" എന്നാൽ ഫണ്ട് ട്രാൻസ്ഫർ/പേമെന്റ് സേവനങ്ങൾ (എൻഇഎഫ്ടി/ആർടിജിഎസ്/ഐഎംപിഎസ് സൗകര്യം), ചെക്ക്/ഡിമാൻഡ് ഡ്രാഫ്റ്റ്/പേ ഓർഡർ സൗകര്യം, നിയമപരവും നികുതി പേമെന്റുകൾ, ട്രേഡ് & ഫോറിൻ എക്സ്ചേഞ്ച് സേവനങ്ങൾ, നോൺ-ഫൈനാൻഷ്യൽ സേവനങ്ങൾ (ചെക്ക് ബുക്ക്, ഡിഡി, പാൻ അപ്ഡേറ്റ് മുതലായവ), കാലാകാലങ്ങളിൽ ലഭ്യമാക്കുന്ന മറ്റേതെങ്കിലും സേവനങ്ങൾ എന്നിവ ഉൾപ്പെടെ ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ ആക്സിസ് ബാങ്ക് അതിന്റെ ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ എന്നാണ് അർത്ഥമാക്കുന്നത്, ആക്സിസ് ബാങ്ക് യഥാസമയം നടത്തുന്ന സേവനങ്ങളുടെ എല്ലാ പരിഷ്ക്കരണങ്ങളും ഉൾപ്പെടും.

1.4. "നിർദ്ദേശങ്ങൾ" എന്നാൽ റെമിറ്റൻസ് അല്ലെങ്കിൽ തുകകൾ ട്രാൻസ്ഫർ ചെയ്യാനുള്ള പേമെന്റ് നിർദ്ദേശങ്ങൾ ഉൾപ്പെടെ സേവനങ്ങൾക്ക് കീഴിൽ വരുന്ന പ്രവർത്തനങ്ങൾ നടത്താനുള്ള സുരക്ഷാ നടപടിക്രമം പാലിച്ചുകൊണ്ട് ആക്സിസ് ബാങ്കിന് ഉപഭോക്താവ് നൽകിയ എല്ലാ ആശയവിനിമയങ്ങളും നിർദ്ദേശങ്ങളും എന്നാണ് അർത്ഥമാക്കുന്നത്.

1.5. "ഒടിപി" എന്നാൽ വൺ-ടൈം പാസ്സ്‌വേർഡ്/വൺ-ടൈം പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ എന്നാണ് അർത്ഥം.

1.6. "ആർബിഐ" എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആണ്.

1.7. "എൻപിസിഐ" എന്നാൽ നാഷണൽ പേമെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ആണ്.

1.8. "റഗുലേഷൻ" അല്ലെങ്കിൽ "മാർഗ്ഗനിർദ്ദേശങ്ങൾ" എന്നാൽ സേവനങ്ങളുമായി ബന്ധപ്പെട്ട് ആർബിഐ, എൻപിസിഐ അല്ലെങ്കിൽ മറ്റേതെങ്കിലും സർക്കാർ അല്ലെങ്കിൽ നിയമാനുസൃത അതോറിറ്റി നൽകുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും /അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങളും എന്നാണ് അർത്ഥം.

1.9. "സുരക്ഷാ നടപടിക്രമം" എന്നാൽ ഒരു നിർദ്ദേശം (അല്ലെങ്കിൽ അതിൽ എന്തെങ്കിലും മാറ്റം വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നത്)

യഥാർത്ഥത്തിൽ ഉപഭോക്താവിൽ നിന്നാണോ എന്ന് പരിശോധിക്കുന്നതിനും നിർദ്ദേശം അയക്കുമ്പോൾ എന്തെങ്കിലും പിശകുകൾ കണ്ടെത്തുന്നതിനും ആക്സിസ് ബാങ്ക് കാലാകാലങ്ങളിൽ സജ്ജമാക്കുന്ന ഘട്ടങ്ങളാണ്.

1.10. "നിബന്ധനകളും വ്യവസ്ഥകളും" എന്നാൽ ഇവിടെ പ്രതിപാദിച്ച പോലെ, പരിഷ്ക്കരിച്ച്, സപ്ലിമെന്റ് ചെയ്യുന്ന ഈ നിബന്ധനകളും വ്യവസ്ഥകളും എന്നാണ് അർത്ഥം.

1.11. "ഉപയോക്താക്കൾ" എന്നാൽ സിഐബി വഴി ഉപഭോക്താവിന്റെ അക്കൗണ്ടുകൾ ആക്സസ് ചെയ്യാൻ അവകാശമുള്ള ഉപഭോക്താവിന്റെ പ്രതിനിധികൾ എന്നാണ് അർത്ഥം, വ്യൂവിംഗ് റൈറ്റ്, ഇൻപുട്ട് ചെയ്യൽ, അപ്ലോഡ് ചെയ്യൽ, വെരിഫിക്കേഷൻ, സ്ഥിരീകരണം /അല്ലെങ്കിൽ ഓതറൈസേഷൻ അവകാശങ്ങൾ ഉള്ള ഉപയോക്താക്കളും ഉൾപ്പെടും. ഉപഭോക്താവ് ഓതറൈസേഷൻ അവകാശങ്ങൾ സംയുക്തമായി (ജോയിന്റ് അടിസ്ഥാനത്തിൽ) നൽകിയാൽ, പ്രസക്തമായ സാഹചര്യത്തിൽ അല്ലെങ്കിൽ ആവശ്യമായിടത്ത്, ഈ പദം ഓതറൈസേഷൻ അവകാശമുള്ള അത്തരം സംയുക്ത ഉപയോക്താക്കളെ സൂചിപ്പിക്കും.

1.12. "വെബ്സൈറ്റ്/സൈറ്റ്" എന്നാൽ വെബ്സൈറ്റ് www.axis.bank.in അല്ലെങ്കിൽ ആക്സിസ് ബാങ്ക് അതാത് കാലത്ത് അറിയിക്കുന്ന മറ്റ് വെബ്സൈറ്റ് എന്നാണ് അർത്ഥം.

1.13. "ജിഎസ്ടി" എന്നാൽ ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ജിഎസ്ടി നിയമങ്ങൾക്ക് കീഴിൽ രണ്ടിന്റെയും വിതരണത്തിൽ ചുമത്തുന്ന നികുതി അല്ലെങ്കിൽ സെസ് അല്ലെങ്കിൽ അവ രണ്ടും എന്നാണ് അർത്ഥം.

1.14. "ജിഎസ്ടിഐഎൻ" എന്നാൽ ഗുഡ്സ് ആൻഡ് സർവ്വീസ് ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പർ എന്നാണ് അർത്ഥം.

1.15. "ജിഎസ്ടിഎൻ" എന്നാൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് നെറ്റ്വർക്ക് എന്നാണ് അർത്ഥം.

1.16. “ജിഎസ്ടി നിയമങ്ങൾ" എന്നാൽ ഐജിഎസ്ടി നിയമം 2017, സിജിഎസ്ടി നിയമം 2017, യുടിജിഎസ്ടി നിയമം 2017, സംസ്ഥാന എസ്ജിഎസ്ടി നിയമങ്ങൾ, 2017, ബന്ധപ്പെട്ട നിയമങ്ങൾക്ക് കീഴിൽ നൽകിയ എല്ലാ പ്രസക്തമായ നിയമങ്ങൾ, ചട്ടങ്ങൾ, അറിയിപ്പുകൾ, സർക്കുലറുകൾ എന്നിവ എന്നാണ് അർത്ഥം.

1.17. DD-MM-YYYY തീയതിയിലെ ബോർഡ് റെസല്യൂഷൻ (അല്ലെങ്കിൽ തത്തുല്യം) സത്യവും സാധുത ഉള്ളതുമാണെന്ന് ഉപഭോക്താവ് സ്ഥിരീകരിക്കുന്നു. അപേക്ഷാ ഫോമിൽ പ്രതിപാദിച്ച അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യാൻ ഉപയോക്താക്കളെ അധികാരപ്പെടുത്തുന്നതിന് ബോർഡ് പ്രമേയം (അല്ലെങ്കിൽ തത്തുല്യം) മുഖേന ഉപഭോക്താവിന് അധികാരമുണ്ട്.

1.18. അപേക്ഷാ ഫോമിൽ പ്രതിപാദിച്ച വിശദാംശങ്ങൾ ശരിയാണെന്നും നൽകിയ ഇമെയിൽ ഐഡി ഔദ്യോഗികമാണെന്നും ഉപഭോക്താവ് സ്ഥിരീകരിക്കുന്നു.

1.19. (ഉപയോക്താക്കളുടെ ഇമെയിൽ ഐഡി സ്വകാര്യ ഡൊമെയ്ൻ അല്ലെങ്കിൽ ബാധകം) തങ്ങൾക്ക് സ്വകാര്യ ഇമെയിൽ ഐഡികൾ ഇല്ലെന്നും, കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗിൽ ഉപയോക്താക്കൾക്ക് പ്രതിപാദിച്ച ഇമെയിൽ ഐഡികൾ പബ്ലിക് ഡൊമെയ്നിൽ ആണെന്നും ഉപഭോക്താവ് സ്ഥിരീകരിക്കുന്നു. ഉപയോക്താക്കൾക്കുള്ള പബ്ലിക് ഡൊമെയ്ൻ ഐഡികളുടെ ഉപയോഗം മൂലം ഫണ്ടുകൾ നഷ്ടപ്പെടുന്നതിലേക്ക് നയിച്ചേക്കാവുന്ന ഏതെങ്കിലും വിട്ടുവീഴ്ച, ഹാക്കിംഗ്, മോഷണം, സൈബർ-ക്രൈം എന്നിവയിൽ നിന്ന് ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെ, ഉണ്ടാകുന്ന എല്ലാ റിസ്കുകളിൽ നിന്നും ബാങ്കിനെ സംരക്ഷിക്കാനും നഷ്ടപരിഹാരം നൽകാനും ഉപഭോക്താവ് ബാധ്യസ്ഥനാകും.

1.20. കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗിന്റെ സൗകര്യം ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരം മാത്രമാണ് അനുവദിക്കുകയെന്നും, ഈ സൗകര്യം നിലവിലുള്ളപ്പോൾ അക്കൗണ്ടിൽ നടക്കാവുന്ന അല്ലെങ്കിൽ സംഭവിക്കാവുന്നതും, ഉപഭോക്താവിന്റെ അക്കൗണ്ടിൽ നിന്ന് ഒരു തേർഡ് പാർട്ടിയുടെ അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ആകുന്നതു മൂലം നഷ്ടത്തിൽ കലാശിക്കുന്നതുമായ ഏതെങ്കിലും തരത്തിലുള്ള ഹാക്കിംഗ് /അല്ലെങ്കിൽ ഫിഷിംഗ് ആക്രമണങ്ങൾ /അല്ലെങ്കിൽ സൈബർ സംബന്ധമായ കുറ്റകൃത്യങ്ങൾ എന്നിവക്ക് ബാങ്ക് യാതൊരു തരത്തിലും ഉത്തരവാദി ആയിരിക്കില്ലെന്നും ഉപഭോക്താവിന് ബോധ്യമുണ്ട്. ബാങ്ക് ലഭ്യമായ അത്യാവശ്യ മുൻകരുതലുകളെല്ലാം എടുത്തിട്ടുണ്ടെങ്കിലും തേർഡ് പാർട്ടികളുടെ അത്തരം ആക്രമണങ്ങൾക്കുള്ള സാധ്യതകൾ തള്ളിക്കളയാനാവില്ലെന്ന വസ്തുതയും, അത്തരം എന്തെങ്കിലും ക്ലെയിമുകളിൽ നിന്ന് ബാങ്ക് ബാധ്യതാമുക്തം ആയിരിക്കുമെന്നും ഉപഭോക്താവിന് അറിയാം.

1.21. പ്രതിപാദിച്ച ഉപയോക്താക്കൾക്ക് നൽകിയ ഇമെയിൽ ഐഡികളും മൊബൈൽ നമ്പറും സാധുത ഉള്ളതാണെന്നും ബാങ്കിൽ നിന്നുള്ള ഏതെങ്കിലും/മുഴുവൻ ആശയവിനിമയത്തിനും ഉപയോഗിക്കുമെന്നും ഉപഭോക്താവ് അംഗീകരിക്കുന്നു. ബാങ്കിൽ നിന്ന് കാലാകാലങ്ങളിൽ അയക്കുന്ന ആശയവിനിമയങ്ങൾ ട്രാൻസാക്ഷനുകൾ/ വിവരങ്ങൾ/ ആക്സസ്/ അവബോധം എന്നിവയുമായി ബന്ധപ്പെട്ടതാകാം.

## 2. നിബന്ധനകൾ ബാധകമാകുന്ന സാഹചര്യങ്ങൾ

2.1 സിഐബി സേവനങ്ങളുടെ ഉപയോഗം ഈ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചാണ് നിയന്ത്രിക്കപ്പെടുന്നത്. ഈ നിബന്ധനകളും വ്യവസ്ഥകളും ആക്സിസ് ബാങ്ക് നിർദ്ദേശിച്ച പ്രകാരം ഉപഭോക്താവിന് ബാധകമായ മറ്റേതെങ്കിലും നിബന്ധനകൾക്കും

വ്യവസ്ഥകൾക്കും പുറമേയാണ്, മറ്റ് നിബന്ധനകളും വ്യവസ്ഥകളും ഇത് മാറ്റിസ്ഥാപിക്കുകയില്ല.

2.2 ആക്സിസ് ബാങ്ക് പരാതി പരിഹാര പോളിസി നിബന്ധനകളും വ്യവസ്ഥകളും
2.3 ആക്സിസ് ബാങ്കിന്റെ ബാങ്ക് പ്രതിബദ്ധതാ ചട്ടക്കൂട് – നിബന്ധനകളും വ്യവസ്ഥകളും
2.4 ഉൽപ്പന്ന വിശദാംശങ്ങളും കസ്റ്റമർ സപ്പോർട്ടും ആവശ്യമുണ്ടെങ്കിൽ ഞങ്ങളെ ബന്ധപ്പെടുക
2.5 കസ്റ്റമർ കോമ്പൻസേഷൻ പോളിസി

## 3. സർവ്വീസുകൾ

3.1 ഈ നിബന്ധനകൾ, വ്യവസ്ഥകൾ, ബാധകമായ നിയമങ്ങൾ, ആക്സിസ് ബാങ്കിന്റെ വെബ്സൈറ്റിൽ വ്യക്തമാക്കാവുന്ന മറ്റ് നിബന്ധന, വ്യവസ്ഥകൾ എന്നിവക്ക് വിധേയമായാണ് ആക്സിസ് ബാങ്ക് ഉപഭോക്താവിന് സേവനങ്ങൾ നൽകുക. സേവനങ്ങൾ, അല്ലെങ്കിൽ രീതി, സേവനങ്ങളുടെ പരിധി എന്നിവ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കാൻ, അപ്ഗ്രേഡ് ചെയ്യാൻ/അല്ലെങ്കിൽ സസ്പെൻഡ് ചെയ്യാൻ ആക്സിസ് ബാങ്കിന് അവകാശമുണ്ട്, സേവനങ്ങളിലെ അത്തരം മാറ്റത്തെക്കുറിച്ച് ഉപഭോക്താവിനെ അറിയിക്കാൻ ശ്രമിക്കുന്നതുമാണ്. മുൻകൂർ നോട്ടീസ് നൽകാതെയും, അതിന് കാരണമൊന്നും ബോധിപ്പിക്കാതെയും ഉപഭോക്താവിന് നൽകുന്ന സേവനങ്ങൾ ഏതെങ്കിലുമോ എല്ലാമോ നിർത്തിവയ്ക്കാനുള്ള അവകാശം ആക്സിസ് ബാങ്കിൽ നിക്ഷിപ്തമാണ്.

3.2 സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനോ, സേവനങ്ങളോ അതിന്റെ ഏതെങ്കിലും ഭാഗമോ പ്രയോജനപ്പെടുത്തുന്നത് നിർത്തുന്നതിനോ ഉപഭോക്താവ് നിർദ്ദിഷ്ട ഫോർമാറ്റിൽ ആക്സിസ് ബാങ്കിന് പ്രത്യേകം അപേക്ഷ നൽകണം, ഇതിനായി ആക്സിസ് ബാങ്ക് നിർദ്ദേശിക്കുന്ന അധിക നിബന്ധനകളും വ്യവസ്ഥകളും, ഒപ്പം ബാധകമായ നിയമങ്ങളും ഉപഭോക്താവിന് ബാധകമായിരിക്കും

3.3 ഉപഭോക്താവ് അഭ്യർത്ഥിച്ചാൽ മറ്റ് നിലവിലുള്ള/പുതിയ അക്കൗണ്ടുകളിൽ ആക്സിസ് ബാങ്ക് സേവനങ്ങൾ നൽകാം, ഈ നിബന്ധനകളും വ്യവസ്ഥകളും ഉപഭോക്താവിന്റെ കൂടുതൽ സേവനങ്ങളുടെ ഉപയോഗത്തിന് സ്വയമേവ ബാധകമാകും.

3.4 ബാങ്ക് നൽകുന്ന സേവനങ്ങളിൽ ഉൾപ്പെടുന്നതും ബാങ്ക് സേവനങ്ങൾ നൽകുമ്പോൾ വികസിപ്പിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യുന്ന ബൗദ്ധിക സ്വത്തവകാശങ്ങൾ ബാങ്കിന്റെ ഉടമസ്ഥതയിൽ തുടരുമെന്നും അതിൽ മാത്രം നിക്ഷിപ്തമായിരിക്കുമെന്നും ഉപഭോക്താവ് അംഗീകരിക്കുന്നു. കൂടാതെ ഈ നിബന്ധനകളും വ്യവസ്ഥകളും ബൗദ്ധിക സ്വത്തവകാശങ്ങളുടെ ഉടമസ്ഥതയ്ക്കോ ഉപയോഗത്തിനോ ഉപഭോക്താവിന് യാതൊരു അവകാശവും നൽകുന്നില്ലെന്നും ഉപഭോക്താവ് ഇതിനാൽ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു

3.5 രജിസ്റ്റേർഡ് യൂസർ ഐഡി ഉപയോഗിച്ച് ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ ആക്സസ് ചെയ്യുന്നതിന് നിർദ്ദിഷ്ട പ്ലാറ്റ്ഫോമിലൂടെ ഉപഭോക്താവ്/ഉപയോക്താവ് ഒടുവിൽ ലോഗിൻ ചെയ്ത തീയതി മുതൽ തുടർച്ചയായ 365 (മുന്നൂറ്റി അറുപത്തിയഞ്ച്) ദിവസത്തെ [കലണ്ടർ ദിവസം] കാലയളവിൽ കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗിൽ ലോഗിൻ ചെയ്തിട്ടില്ലെങ്കിൽ, ഉപഭോക്താവിനെ/ഉപയോക്താവിനെ/യൂസർ ഐഡിയെ ആക്സിസ് ബാങ്ക് "ഡോർമന്റ്യൂസർ" ആയി തരംതിരിക്കാം/അടയാളപ്പെടുത്താം/ കാറ്റഗറൈസ് ചെയ്യാം. ഏതെങ്കിലും ഉപഭോക്താവിനെ/ഉപയോക്താവിനെ/യൂസർ ഐഡിയെ 'ഡോർമന്റ്യൂസർ' ആയി തരംതിരിച്ചതിനെ/ അടയാളപ്പെടുത്തിയതിനെ/കാറ്റഗറൈസ് ചെയ്തതിനെ തുടർന്ന് കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗിൽ അത്തരം ഡോർമന്റ്യൂസർ ഐഡി റീ-ആക്ടിവേറ്റ് ചെയ്യാതെ ബന്ധപ്പെട്ട രജിസ്റ്റേർഡ് യൂസർ ഐഡിയിൽ നിന്ന് ഏതെങ്കിലും കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ ആക്സസ് ചെയ്യാൻ ആ ഉപഭോക്താവിന്/ ഉപയോക്താവിന് കഴിയുന്നതല്ല. ഡോർമന്റ്യൂസർ ഐഡി റീ-ആക്ടിവേറ്റ് ചെയ്യാൻ, ആ ഉപഭോക്താവ് (അംഗീകൃത സിഗ്നേറ്ററി മുഖേന)/ഉപയോക്താവ് ഡോർമന്റ് യൂസർ ഐഡി റീ-ആക്ടിവേറ്റ് ചെയ്യണമെന്ന് അഭ്യർത്ഥിച്ച് ആക്സിസ് ബാങ്കിന് രേഖാമൂലം നിർദേശം നൽകണം, റീ ആക്ടിവേഷൻ അഭ്യർത്ഥന ലഭിക്കുമ്പോൾ, ആക്സിസ് ബാങ്ക് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ, റീ-ആക്ടിവേഷനുള്ള അഭ്യർത്ഥന അംഗീകരിച്ച്, യൂസർ ഐഡി റീ ആക്ടിവേറ്റ് ചെയ്ത് ഉപഭോക്താവിന്/ഉപയോക്താവിന് തിരികെ ആക്സസ് അനുവദിക്കാം.

3.6 സിംഗിൾ പേമെന്റിന് നൽകിയിരിക്കുന്ന ഓതറൈസേഷൻ മാട്രിക്സ് അടിസ്ഥാനമാക്കി നിലവിലുള്ള ഉപഭോക്താക്കൾക്ക് ബൾക്ക് പേമെന്റിന്റെ സേവനങ്ങൾ നൽകാനും ടിഎഫ് കണക്ട് ഡിഫോൾട്ടായി നൽകാനും ഉപഭോക്താവ് ഇതിനാൽ ബാങ്കിനെ അധികാരപ്പെടുത്തുന്നു. ബാധകമായ നിബന്ധനകളും വ്യവസ്ഥകളും ഉപഭോക്താവ് അത്തരം സേവനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിന് ബാധകമാണ്.

3.7 ആക്സിസ്ബി പേമെന്റ്ട്രാൻസ്ഫർ സൗകര്യം (എൻഇഎഫ്ടി, ആർടിജിഎസ്, ഐഎംപിഎസ്) സംബന്ധിച്ച് ആക്സിസ് ബാങ്ക് ലിമിറ്റഡ് (ആക്സിസ്ബി) യാതൊരു ഗ്യാരണ്ടിയും , വാറണ്ടിയും ഉറപ്പും നൽകുന്നില്ല. കൂടാതെ ഇവയ്ക്ക് ഉന്നത നിലവാരമുണ്ടെന്ന് യാതൊരു വിധ പ്രസ്താവനയും നടത്തുന്നില്ല. മാനദണ്ഡങ്ങൾ പാലിച്ചാൽ അത് ഫലവത്താകുമെന്ന ധാരണയിൽ ഫണ്ടുകൾ ട്രാൻസ്ഫർ ചെയ്യുന്നതിന് ആക്സിസ്ബി നൽകുന്ന ഒരു സൗകര്യമാണ് ഇത്. യാതൊരു തരത്തിലുള്ള നഷ്ടങ്ങൾക്കും ആക്സിസ്ബി ഉത്തരവാദിയായിരിക്കില്ലെന്ന് ഉപഭോക്താവ് മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. ഇതിൽ നേരിട്ടോ അല്ലാതെയോ ഉള്ള നഷ്ടങ്ങൾ, ബിസിനസ് തടസ്സം, വരുമാന നഷ്ടം, ബാങ്ക് പ്രോസസ്സ് ചെയ്ത പരാജയപ്പെട്ട ഇടപാടുകൾ, അല്ലെങ്കിൽ ഉപഭോക്താവിന്റെ അക്കൗണ്ടുകളെക്കുറിച്ച് പങ്കിട്ട ഏതെങ്കിലും വിവരങ്ങൾ മൂലമുള്ളവയും മറ്റും ഉൾപ്പെടുന്നു. നഷ്ടം ഉപഭോക്താവിനോ മറ്റാർക്കെങ്കിലുമോ സംഭവിച്ചാലും ഇത് ബാധകമാണ്.

എന്നാൽ, ഉപഭോക്താവ് നിർദ്ദേശിച്ച പ്രകാരം ട്രാൻസാക്ഷനുകൾ ഉടനടി നടത്താനും പ്രോസസ് ചെയ്യാനും ആക്സിസ്ബി ശ്രമിക്കും, എന്നാൽ പ്രവർത്തന സംവിധാനങ്ങളുടെ പരാജയമോ നിയമത്തിന്റെ ഏതെങ്കിലും നിബന്ധനയോ ഉൾപ്പെടെ ഏതെങ്കിലും കാരണത്താൽ പ്രതികരണം ഇല്ലാതെ വന്നാൽ, അല്ലെങ്കിൽ പ്രതികരണം വൈകിയാൽ അതിന് ഉത്തരവാദി ആയിരിക്കില്ല.

മേൽപ്പറഞ്ഞത് എന്തായിരുന്നാലും, ആക്സിസ് ട്രാൻസ്ഫർ സൗകര്യത്തിന്റെ (എൻഇഎഫ്ടി, ആർടിജിഎസ്, ഐഎംപിഎസ്) അനധികൃതമോ തെറ്റായതോ ആയ ഉപയോഗം ആക്സിസ്ബി അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ തീരുമാനിക്കുന്ന പിഴ അഥവാ പെനാൽറ്റി അടയ്ക്കാൻ ഉപഭോക്താവിനെ ബാധ്യസ്ഥനാക്കും. ഉപഭോക്താവിനുള്ള ആക്സിസ് ട്രാൻസ്ഫർ സൗകര്യം (എൻഇഎഫ്ടി, ആർടിജിഎസ്, ഐഎംപിഎസ്) മരവിപ്പിക്കാൻ ഇടയാക്കുകയും ചെയ്യാം. "ഉപഭോക്താവ് ഇതോടൊപ്പം ആക്സിസ്ബിയെയും അതിന്റെ അനുബന്ധ സ്ഥാപനങ്ങളെയും സഹസ്ഥാപനങ്ങളെയും, അതിനെതിരെ ആരംഭിക്കുന്ന ഏതെങ്കിലും കേസ്, നടപടിക്രമം, അല്ലെങ്കിൽ അതിന്റെ ഫലമായി സംഭവിക്കുന്ന നഷ്ടം, ചെലവ്, അല്ലെങ്കിൽ കേടുപാടുകൾ എന്നിവയിൽ നിന്ന് പൂർണ്ണമായും സംരക്ഷിക്കുകയും നഷ്ടപരിഹാരം നൽകാൻ സമ്മതിക്കുകയും ചെയ്യുന്നു.

ആക്സിസ്ബി പേമെന്റ് ട്രാൻസ്ഫർ സൗകര്യം (എൻഇഎഫ്ടി, ആർടിജിഎസ്, ഐഎംപിഎസ്) ഉപയോഗിക്കുന്നതിലൂടെ, ഫിഷിംഗ് /അല്ലെങ്കിൽ ഹാക്കിംഗ് ഉൾപ്പെടെയുള്ള ഏതെങ്കിലും മാർഗ്ഗത്തിൽ ഏതെങ്കിലും അനധികൃത വ്യക്തികൾ റിക്കാർഡുകൾ /അല്ലെങ്കിൽ അക്കൗണ്ടുകൾ/ വിവരങ്ങൾ ആക്സസ് ചെയ്യുന്നതിന് ആക്സിസ്ബി, അതിന്റെ സബ്സിഡിയറികൾ, അഥവാ അഫിലിയേറ്റുകൾ ബാധ്യസ്ഥമായിരിക്കില്ല. ആക്സിസ്ബി അതിന്റെ അനുബന്ധ സ്ഥാപനങ്ങൾ സഹസ്ഥാപനങ്ങൾ എന്നിവയ്ക്കെതിരായി ആരംഭിക്കുന്ന ഏതെങ്കിലും നടപടി, കേസ്, നിയമനടപടി എന്നിവയുടെ ഫലമായി ആക്സിസ്ബിക്ക് ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടം, ചെലവ് അല്ലെങ്കിൽ ഹാനി എന്നിവയിൽ നിന്നും ഉപഭോക്താവ് പൂർണ്ണമായും സംരക്ഷിക്കുകയും നഷ്ടപരിഹാരം നൽകുകയും ചെയ്യും. അവിചാരിത സാഹചര്യങ്ങൾ കൊണ്ടുള്ള കാരണങ്ങളാലോ, ആക്സിസ്ബിയുടെ നിയന്ത്രണത്തിന് അതീതമായ മറ്റേതെങ്കിലും കാരണത്താലോ ഉദ്ദേശിച്ച രീതിയിൽ ആക്സിസ്ബി പേമെന്റ് ട്രാൻസ്ഫർ സൗകര്യം (എൻഇഎഫ്ടി, ആർടിജിഎസ്, ഐഎംപിഎസ്) ലഭ്യമാകാതെ വന്നാൽ ആക്സിസ്ബിക്ക് യാതൊരു സാഹചര്യത്തിലും ഉപഭോക്താവിനോട് ബാധ്യത ഉണ്ടായിരിക്കുന്നതല്ല.
ആക്സിസ്ബി പേമെന്റ് ട്രാൻസ്ഫർ സൗകര്യം (എൻഇഎഫ്ടി, ആർടിജിഎസ്, ഐഎംപിഎസ്) ഉപയോഗിച്ച് നടത്തുന്ന ട്രാൻസാക്ഷനുകൾ മുഖേന

ഉളവാകുന്ന ആക്സിസ്ബിയുടെ എല്ലാ രേഖകളും (ഇലക്ട്രോണിക് ഉൾപ്പെടെ), ട്രാൻസാക്ഷന്റെ സമയം ഉൾപ്പെടെ, ആ ട്രാൻസാക്ഷന്റെ വസ്തുതയുടെയും കൃത്യതയുടെയും സമ്പൂർണ പ്രൂഫ് ആയിരിക്കും. ഇരു കക്ഷികളുടെയും സംരക്ഷണത്തിനും, തെറ്റായ ധാരണകൾ തിരുത്തുന്നതിനുമുള്ള ഉപാധി എന്ന നിലയിൽ, ഉപഭോക്താവും ആക്സിസ്ബിയും അതിന്റെ ജീവനക്കാരും അഥവാ ഏജന്റുമാരും തമ്മിൽ നടത്തുന്ന ഫോൺ സംഭാഷണങ്ങൾ ഏതെങ്കിലുമോ എല്ലാമോ, അല്ലെങ്കിൽ ഉപഭോക്താവ് ആക്സിസ്ബിക്ക് നൽകുന്ന നിർദ്ദേശമോ ആക്സിസ്ബി അതിന്റെ വിവേചനാധികാരത്തിൽ മുന്നറിയിപ്പ് ഒന്നും ഇല്ലാതെ തന്നെ നിരീക്ഷിക്കുമെന്നും റെക്കോർഡ് ചെയ്യുമെന്നും ഉപഭോക്താവ് മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.കൂടാതെ അതിന് ആക്സിസ്ബിയെ അധികാരപ്പെടുത്തുകയും ചെയ്യുന്നു.

മർച്ചന്റബിലിറ്റി, ഒരു പ്രത്യേക ഉദ്ദേശ്യത്തിനുള്ള ഫിറ്റ്നസ്, ഡാറ്റ കൃത്യത, പൂർണ്ണത, ആക്സിസ്ബി പേമെന്റ് ട്രാൻസ്ഫർ സൗകര്യത്തിൽ (എൻഇഎഫ്ടി, ആർടിജിഎസ്, ഐഎംപിഎസ്) ലംഘനം നടന്നിട്ടില്ലാത്തതുമായി ബന്ധപ്പെട്ട ഏതെങ്കിലും വാറന്റികൾ എന്നിവ ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെ, പ്രകടമോ സൂചിതമോ,നിയമാനുസൃതമോ ആയിരുന്നാലും, എല്ലാത്തരം വാറന്റികളും ആക്സിസ്ബി പ്രകടമായി നിരാകരിക്കുന്നു.

## 4. നിബന്ധന, വ്യവസ്ഥകളുടെ ഭേദഗതി

4.1. ഈ നിബന്ധനകൾ& വ്യവസ്ഥകളുടെ മറ്റ് ഭാഗങ്ങളിൽ അടങ്ങിയിരിക്കുന്നത് കണക്കിലെടുക്കാതെ, സേവനങ്ങൾ അപ്ഗ്രേഡ് ചെയ്യാനോ പരിഷ്ക്കരിക്കാനോ, ഉപഭോക്താക്കൾക്ക് പുതിയ സേവനങ്ങൾ ലഭ്യമാക്കാനോ ആക്സിസ് ബാങ്ക് തീരുമാനിക്കുമ്പോൾ, ആ അപ്ഗ്രേഡുകളും പരിഷ്ക്കരണവും, പുതിയ സേവനങ്ങളും ആക്സിസ് ബാങ്ക് നിർണയിക്കുന്ന നിബന്ധന, വ്യവസ്ഥകൾക്ക് വിധേയമായിരിക്കും, ഒരു ഭേദഗതി ആവശ്യമാണെങ്കിൽ ഈ നിബന്ധന, വ്യവസ്ഥകളിൽ ഏതെങ്കിലും ആക്സിസ് ബാങ്ക് ഏത് സമയത്തും ഭേദഗതി ചെയ്യുകയോ ചേർക്കുകയോ ചെയ്യും, ആ ഭേദഗതി ഉപഭോക്താവിന് ബാധ്യസ്ഥമായിരിക്കും. അത്തരം മാറ്റങ്ങളെക്കുറിച്ച് ഉപഭോക്താവിനെ അറിയിക്കാൻ ആക്സിസ് ബാങ്ക് ശ്രമിക്കുന്നതാണ്. ഈ നിബന്ധനകളിലും വ്യവസ്ഥകളിലും വരുത്തുന്ന പരിഷ്ക്കരണം ഉപഭോക്താക്കൾക്കായി വെബ്സൈറ്റ്/സൈറ്റിൽ അപ്ഡേറ്റ്/ അപ്ലോഡ് ചെയ്യുന്നതാണ്. ഇതിലൂടെ ഉപഭോക്താക്കളെ അറിയിച്ചതായി കണക്കാക്കുകയും ചെയ്യും.

## 5. സുരക്ഷാ നടപടിക്രമം

5.1. കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ ആക്സസ് ചെയ്യുന്നതിന് (i) യൂസർ-ഐഡി, പാസ്സ്‌വേർഡ് (ii) വൺ ടച്ച് ഡിവൈസുകൾ എന്നിവയുടെ ഉപയോഗം ഉൾപ്പെടെ, ആക്സിസ് ബാങ്ക് അതാത് കാലത്ത് നിർണയിക്കുന്ന

സുരക്ഷാ നടപടിക്രമങ്ങൾ പിന്തുടർന്ന് ഉപഭോക്താവ് സ്വന്തം റിസ്കിലും ഉത്തരവാദിത്വത്തിലും സേവനങ്ങൾ ആക്സസ് ചെയ്യണം. കൂടാതെ, ആക്സിസ് ബാങ്കിന് ആവശ്യമായ ഒതന്റിക്കേഷന്റെ മറ്റ് സുരക്ഷാ നടപടിക്രമവും മാർഗ്ഗങ്ങളും സ്വീകരിക്കാൻ ആക്സിസ് ബാങ്ക് ഉപഭോക്താവിനെ നിർദ്ദേശിച്ചേക്കാം, ഉപഭോക്താവ് അത്തരം സുരക്ഷാ നടപടിക്രമം പാലിക്കാൻ സമ്മതിക്കുന്നു.

5.2. ഉപഭോക്താവും ഉപഭോക്താവ് ഓതറൈസ് ചെയ്ത ഉപയോക്താക്കളും എല്ലാ യൂസർ ഐഡികളും പാസ്സ്‌വേർഡുകളും രഹസ്യമായി സൂക്ഷിക്കണം, ആക്സിസ് ബാങ്കിന്റെ ജീവനക്കാർ, പ്രതിനിധികൾ, വെൻഡർമാർ, പങ്കാളികൾ എന്നിവർ ഉൾപ്പെടെ ഏതെങ്കിലും അനധികൃത വ്യക്തിക്ക് വെളിപ്പെടുത്താൻ പാടില്ല. ഉപഭോക്താവ് അല്ലെങ്കിൽ ഉപയോക്താവ് ഏതെങ്കിലും തേർഡ്  പാർട്ടികൾക്ക് പാസ്സ്‌വേർഡ് വെളിപ്പെടുത്തിയത് മൂലം ഉപഭോക്താവിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആക്സിസ് ബാങ്ക് യാതൊരു വിധത്തിലും ഉത്തരവാദി ആയിരിക്കില്ല.

5.3. ബാങ്ക് നൽകുന്ന നിർബന്ധിത 2 ഫാക്ടർ ഓതന്റിക്കേഷൻ (2എഫ്എ) വഴി ഉപഭോക്താവിന് കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗ് ചാനലിലേക്ക് ആക്സസ് നൽകും. ആക്സിസ് ബാങ്ക് എസ്എംഎസ്, ഓൺ കോൾ, മൊബൈലിൽ ഒടിപി, വൺ ടച്ച് ഡിവൈസുകൾ അല്ലെങ്കിൽ കാലാകാലങ്ങളിൽ അതിന്റെ ഉൽപ്പന്ന ഓഫറിംഗിന്റെ ഭാഗമായ മാർഗ്ഗങ്ങൾ മുഖേന 2എഫ്എ നൽകാം.

- ആക്സിസ് മൊബൈൽ-കോർപ്പറേറ്റ് ആപ്പിൽ ഒടിപി ജനറേറ്റ് ചെയ്ത് ഉപഭോക്താവിന് വെബ് ബ്രൗസറിൽ ലോഗിൻ ചെയ്യാനോ ട്രാൻസാക്ഷനുകൾ അപ്രൂവ് ചെയ്യാനോ കഴിയും. ഉപയോക്താവ് ആക്സിസ് മൊബൈൽ-കോർപ്പറേറ്റ് ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്ത് എംപിൻ സെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ഇന്ത്യയ്ക്കുള്ളിലോ വിദേശത്തോ ആയിരുന്നാലും മൊബൈൽ ആപ്പിലൂടെ ഒടിപി സൃഷ്ടിക്കാം.
- ഉപഭോക്താവിന്റെ മൊബൈൽ ഫോൺ നെറ്റ്‌വർക്ക് സംബന്ധമായ പ്രശ്നങ്ങളോ, മൊബൈൽ ഫോണിലോ സിം കാർഡിലോ ഉണ്ടാകുന്ന മറ്റ് പ്രശ്നങ്ങളോ മൂലം ഇടപാട് പരാജയപ്പെടുന്നതിന് ബാങ്ക് ഉത്തരവാദിയല്ല. ഇത്തരം കാര്യങ്ങളിൽ ബാങ്കിന് നിയന്ത്രണമില്ല.
- ഉപഭോക്താവിന്റെ മൊബൈൽ ഫോൺ /അല്ലെങ്കിൽ സിം കാർഡ് നഷ്ടപ്പെടുകയോ മോഷണം പോകുകയോ ചെയ്താൽ, ഉപഭോക്താവ് അവരുടെ മൊബൈൽ ഫോൺ /അല്ലെങ്കിൽ സിം കാർഡ് ഉടൻ തന്നെ ഡി-രജിസ്റ്റർ ചെയ്യുകയോ ബ്ലോക്ക് ചെയ്യുകയോ വേണം. ഉപഭോക്താവ് അത്തരം നഷ്ടപ്പെടൽ അല്ലെങ്കിൽ മോഷണം ഉടൻ തന്നെ ബാങ്കിനെ അറിയിക്കണം, തുടർന്ന് ബാങ്ക് കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗിലെ യൂസർ ആക്സസ് ഉടൻ ഡീആക്ടിവേറ്റ് ചെയ്യും. കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗിൽ ആക്സസ് ആക്ടിവേറ്റ് ചെയ്യാൻ യൂസർ രേഖാമൂലമോ സാധുതയുള്ള പ്രോസസ് വഴിയോ ബാങ്കിനെ അറിയിക്കണം. അത്തരം നഷ്ടപ്പെടലോ മോഷണമോ മൂലം മൊബൈൽ ഫോൺ അല്ലെങ്കിൽ സിം

കാർഡിന്റെ അനധികൃത ഉപയോഗത്തിന് ബാങ്ക് ഉത്തരവാദി ആയിരിക്കില്ല. ഉപഭോക്താവ് മൊബൈൽ ഫോണും ഡാറ്റയും അതിന്റെ പാസ്സ്‌വേർഡുകളും ഉപയോഗവും രഹസ്യമായി സൂക്ഷിക്കണം, യാതൊരു സാഹചര്യത്തിലും മറ്റാരുമായും ഷെയർ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കണം. ഉപഭോക്താവ് മൊബൈൽ ഫോണിൽ ഡാറ്റയുടെ പകർപ്പ് അല്ലെങ്കിൽ ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കരുത് അല്ലെങ്കിൽ ബാങ്ക് അനുവദിച്ചതോ ആവശ്യപ്പെടുന്നതോ ആയ ഉപയോഗത്തിന് ഒഴികെ അത്തരം ഡാറ്റ സേവ് ചെയ്യരുത്.

- ഓരോ ഉപയോക്താവിനും തന്റെ 2എഫ്എയുടെ സുരക്ഷയ്ക്ക് ഉത്തരവാദിത്തം ഉണ്ടെന്ന് ഉപഭോക്താക്കൾ ഉറപ്പാക്കണം.

5.4. ഇന്റർനെറ്റ് ബാങ്കിംഗ് ചാനലിൽ ട്രാൻസാക്ഷനുകളും അഭ്യർത്ഥനകളും ആക്സസ് ചെയ്യുമ്പോഴോ അംഗീകരിക്കുമ്പോഴോ ഉപഭോക്താക്കൾ ഈ 2 എഫ്എ നിർബന്ധമായും ഉപയോഗിക്കേണ്ടതുണ്ട്.

5.5. മൊബൈൽ ഡിവൈസുകൾ, വൺ ടച്ച് ഡിവൈസുകൾ (ഹാർഡ് ടോക്കൺ എന്നും അറിയപ്പെടുന്നു) സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ഉപയോക്താക്കൾക്ക് ആയിരിക്കും. കൂടാതെ 2എഫ്എ ഉപയോഗിച്ച് അതിന്റെ സ്ഥാപനത്തിലെ അംഗങ്ങൾ നൽകുന്ന നിർദ്ദേശങ്ങൾക്ക് /അല്ലെങ്കിൽ ട്രാൻസാക്ഷനുകൾക്ക് അവർ ബാധ്യസ്ഥരായിരിക്കും. സുരക്ഷാ നടപടിക്രമം ഉപയോഗിച്ച് നൽകിയ എല്ലാ നിർദ്ദേശങ്ങളും സത്യസന്ധമാണെന്ന് കരുതാൻ ആക്സിസ് ബാങ്കിന് അവകാശമുണ്ട്.

5.6. ഉപയോക്താവിന്റെ ഇന്റർനെറ്റ് ബാങ്കിംഗ് ആക്സസിന്റെ ദുരുപയോഗം നിയന്ത്രിക്കുന്നതിന്, 2 എഫ്എയുടെ വിട്ടുവീഴ്ച്ചയിലേക്ക് നയിക്കാവുന്ന, മൊബൈൽ ഡിവൈസിന്റെ നഷ്ടപ്പെടൽ, മോഷണം, കാണാതെ പോകൽ, തകരാർ ഉടൻ തന്നെ ബാങ്കിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5.7. കാലാകാലങ്ങളിൽ ഇൻഡസ്ട്രിയിൽ ലഭ്യമാകുന്ന യഥോചിതമായ സുരക്ഷാ നടപടികൾ ഏർപ്പെടുത്താൻ ആക്സിസ് ബാങ്ക് ശ്രമിക്കും. എന്നാൽ, ഇന്റർനെറ്റ് ഉൾപ്പെടെ ഉപയോഗിക്കുന്ന ടെക്നോളജി, പൊതുവായ/പങ്കിടുന്ന സൗകര്യങ്ങളുടെ ഉപയോഗം എന്നിവ സേവനങ്ങളെ ബാധിക്കാവുന്ന ദുരുപയോഗം, ഹാക്കിംഗ്, വൈറസ്, ദ്രോഹകരമായ, വിനാശകരമായ അല്ലെങ്കിൽ കറപ്റ്റിംഗ് കോഡ്, പ്രോഗ്രാം അല്ലെങ്കിൽ മാക്രോ തുടങ്ങിയ നിരവധി റിസ്കുകൾക്ക് വിധേയമാണെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. അത്തരം റിസ്കുകളുടെ കാര്യത്തിൽ നിർദ്ദേശങ്ങൾ, റിപ്പോർട്ടിംഗ് /അല്ലെങ്കിൽ രസീത് ജനറേഷൻ പ്രോസസ് ചെയ്യുമ്പോഴുള്ള നഷ്ടപ്പെടൽ, വൈകൽ അല്ലെങ്കിൽ പരാജയങ്ങൾ എന്നിവക്ക് ആക്സിസ് ബാങ്ക് ഉത്തരവാദി ആയിരിക്കില്ല.

5.8. ആക്സിസ് ബാങ്കിന്റെ സുരക്ഷാ നയം അനുസരിച്ച് ഓരോ 90 ദിവസം കഴിയുമ്പോഴും ഉപഭോക്താവ് കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗ് പ്ലാറ്റ്ഫോമിൽ അതിന്റെ പാസ്സ്‌വേർഡ് അപ്ഡേറ്റ് ചെയ്യണം. ഇതിനായി, ലോഗിൻ സമയത്ത് 85 ദിവസം മുതൽ 90 ദിവസം വരെ അവരുടെ

ലോഗിൻ പാസ്സ്‌വേർഡ് മാറ്റാൻ ഉപയോക്താക്കളോട് (ഒരു പ്രീ-ഇന്റിമേഷൻ) ആവശ്യപ്പെടും.

- 91 ദിവസത്തിനും 180 ദിവസത്തിനും ഇടയിൽ ലോഗിൻ ചെയ്യുന്നത് തുടരാൻ ഉപയോക്താക്കൾ നിർബന്ധമായും പാസ്സ്‌വേർഡ് റീസെറ്റ് ചെയ്യണം.
- ഉപയോക്താക്കൾ 180 ദിവസത്തേക്ക് പാസ്‌വേർഡ് മാറ്റിയിട്ടില്ലെങ്കിൽ, ലോഗിൻ ആക്സസ് താൽക്കാലികമായി ഡീആക്ടിവേറ്റ് ചെയ്യും. കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ റീആക്ടിവേറ്റ് ചെയ്യാൻ ഉപഭോക്താവ് ആർഎം/ബ്രാഞ്ചുമായി ബന്ധപ്പെടണം.

## 6. നിർദ്ദേശങ്ങൾ

6.1. ആക്സിസ് ബാങ്കിന് ഉപഭോക്താവിൽ നിന്ന് ലഭിക്കുന്ന എല്ലാ നിർദ്ദേശങ്ങളും പ്രവൃത്തി ദിവസങ്ങളിൽ ബാങ്കിംഗ് സമയങ്ങളിൽ മാത്രമാണ് പ്രോസസ് ചെയ്യുക. ഇവിടെ നിഷ്ക്കർഷിച്ച സുരക്ഷാ നടപടിക്രമം ഉപയോഗിച്ച്, ഈ നിബന്ധന, വ്യവസ്ഥകളിൽ പ്രതിപാദിച്ചിട്ടുള്ള രീതിയിൽ ആക്സിസ് ബാങ്കിലേക്ക് അയക്കുന്ന നിർദ്ദേശം മാത്രമാണ് ആക്സിസ് ബാങ്ക് സ്വീകരിക്കുക. ആക്സിസ് ബാങ്ക്, അതിന്റെ പൂർണ്ണ വിവേചനാധികാരത്തിൽ, എന്നാൽ യാതൊരു ബാധ്യതയും ഇല്ലാതെ, നിർദ്ദേശത്തിന്റെ ആധികാരികതക്ക് കൂടുതൽ പരിശോധനകൾ നടത്താം.

6.2. ആക്സിസ് ബാങ്കിന് നൽകിയ നിർദ്ദേശങ്ങളുടെ കൃത്യതയ്ക്കും ആധികാരികതയ്ക്കും ഉപഭോക്താവ് മാത്രമായിരിക്കും ഉത്തരവാദി. കൂടാതെ ഉപഭോക്താവ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉപയോക്താവ് നൽകിയ എല്ലാ നിർദ്ദേശങ്ങൾക്കും/നടത്തിയ ഇടപാടുകൾക്കും ഉപഭോക്താവ് ബാധ്യത ഏറ്റെടുക്കണം. ഉപഭോക്താവ് നൽകുന്ന നിർദ്ദേശങ്ങളെ ആശ്രയിക്കാനും ആ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനും ആക്സിസ് ബാങ്കിന് അവകാശമുണ്ട്. ഏതെങ്കിലും വിവരങ്ങളിൽ/അല്ലെങ്കിൽ നിർദ്ദേശത്തിൽ കൃത്യതയില്ലെങ്കിൽ, അനന്തരഫലമായി തെറ്റായ ട്രാൻസ്ഫറുകൾ ഉണ്ടായേക്കാമെന്ന് ഉപഭോക്താവ് അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. അത്തരം എല്ലാ നിർദ്ദേശങ്ങളും അന്തിമമായിരിക്കും. കൂടാതെ ഉപഭോക്താവ് ബാധ്യസ്ഥരായിരിക്കും. ആക്സിസ് ബാങ്കിന് നൽകിയ യഥാർത്ഥ നിർദ്ദേശങ്ങളിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ, ആക്സിസ് ബാങ്കിന്റെ റെക്കോർഡുകൾ അന്തിമവും ഉപഭോക്താവിന് ബാധ്യസ്ഥവുമായിരിക്കും.

6.3. ഒരു നിർദ്ദേശം ഉപഭോക്താവ് പിന്നീട് നൽകിയ നിർദ്ദേശങ്ങൾ വഴി റദ്ദാക്കപ്പെടുന്നതോ, അല്ലെങ്കിൽ ആക്സിസ് ബാങ്ക് നടപ്പിലാക്കുന്നതോ വരെ പ്രാബല്യത്തിൽ തുടരും. ഉപഭോക്താവ് ആക്സിസ് ബാങ്കിന് നൽകിയ ഏതെങ്കിലും വിവരത്തിൽ പിശകുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ, അത് ഉടൻ തന്നെ ആക്സിസ് ബാങ്കിനെ അറിയിക്കണം, "ന്യായമായ ശ്രമങ്ങൾ"

നടത്തി, സാധ്യമാണെങ്കിൽ പിശക് ആക്സിസ് ബാങ്ക് തിരുത്താൻ ശ്രമിക്കുന്നതാണ്. മറ്റേതെങ്കിലും വ്യക്തി അബദ്ധവശാൽ ഉപഭോക്താവിന്റെ അക്കൗണ്ടിൽ തെറ്റായ ക്രെഡിറ്റ് വരുത്തിയാൽ, ആ സാഹചര്യത്തിൽ, അബദ്ധത്തിൽ വന്ന ക്രെഡിറ്റ് ഏത് സമയത്തും മടക്കാൻ ഉപഭോക്താവ് ആക്സിസ് ബാങ്കിന് അധികാരം നൽകുന്നു. ഉപഭോക്താവിന് അർഹതയില്ലാതെ ലഭിക്കുന്ന ഏതൊരു തരത്തിലുള്ള നേട്ടവും തിരികെ നൽകാൻ അവർ ബാധ്യസ്ഥരാണ്.

6.4. ആക്സിസ് ബാങ്കിന്റെ അഭിപ്രായത്തിൽ(i) അവർക്ക് ലഭിച്ച ഒരു നിർദ്ദേശം ഉപഭോക്താവ് യഥോചിതം ഓതറൈസ് ചെയ്തതല്ല; അല്ലെങ്കിൽ (ii) ഏതെങ്കിലും നിയമത്തിന് അഥവാ നയത്തിന് വിരുദ്ധമോ, പൊരുത്തപ്പെടാത്തതോ, അവ്യക്തമോ, അപൂർണമോ, പോരായ്മയുള്ളതോ, വിപരീതമോ ആണ്, അല്ലെങ്കിൽ (iii) നിയമവിരുദ്ധ ട്രാൻസാക്ഷൻ നടത്താനാണ് ആ നിർദ്ദേശം നൽകിയെന്ന് കരുതാൻ ആക്സിസ് ബാങ്കിന് കാരണമുണ്ടെങ്കിൽ അല്ലെങ്കിൽ (iv) നിർദ്ദേശം ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളുടെ അറിയിപ്പോടുകൂടി ലഭിച്ചാൽ, അല്ലെങ്കിൽ(v) അക്കൗണ്ടിൽ വേണ്ടത്ര തുകയില്ല, അല്ലെങ്കിൽ ക്ലിയർ ഫണ്ട് ലഭ്യമല്ല എങ്കിൽ; ആക്സിസ് ബാങ്ക്, (അങ്ങനെ ചെയ്യാൻ ബാധ്യതയില്ലെങ്കിലും) ആ നിർദ്ദേശത്തിന്മേൽ നടപടി എടുക്കുന്നതിന് മുമ്പ് ഉപഭോക്താവിൽ നിന്ന് വിശദീകരണം തേടാം, അല്ലെങ്കിൽ ആ നിർദ്ദേശത്തിന്മേൽ ഉചിതമെന്ന് കരുതുന്ന നടപടി എടുക്കുകയോ എടുക്കാതിരിക്കുകയോ ചെയ്യാം. മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ ഏതെങ്കിലും കാരണത്താൽ നിർദ്ദേശങ്ങൾ നടപ്പാക്കുകയോ നടപ്പാക്കാൻ വിസമ്മതിക്കുകയോ, അല്ലെങ്കിൽ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്താൻ വൈകുകയോ ചെയ്യുന്നതിന്റെ ഫലമായി ഉപഭോക്താവിനോ തേർഡ് പാർട്ടിക്കോ ഉണ്ടാകുന്ന നഷ്ടത്തിന് ആക്സിസ് ബാങ്ക് ഉത്തരവാദിയോ ബാധ്യസ്ഥരോ ആയിരിക്കില്ല.

6.5. ആക്സിസ് ബാങ്കിന്റെ യുക്തിസഹമായ നിയന്ത്രണത്തിന് പുറത്തുള്ള സാഹചര്യങ്ങൾ, അല്ലെങ്കിൽ നിയമപരമായ ഏതെങ്കിലും ആവശ്യകത അല്ലെങ്കിൽ ഏതെങ്കിലും തേർഡ് പാർട്ടി, വെൻഡർ /അല്ലെങ്കിൽ പാർട്ണർ വരുത്തുന്ന പോരായ്മ എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും കാരണത്താൽ നിർദ്ദേശങ്ങളുമായി മുന്നോട്ട് പോകാൻ വൈകിയാൽ അതിന് ആക്സിസ് ബാങ്ക് ഉത്തരവാദി ആയിരിക്കില്ല.

6.6. ആവശ്യമായ ഡോക്യുമെന്റേഷൻ ലഭിക്കാത്തതിനാൽ ഒരു നിർദ്ദേശം പ്രാബല്യത്തിൽ വരുത്താൻ കഴിയാതെ വന്നാൽ, ഡോക്യുമെന്റേഷൻ ലഭിക്കുന്നതുവരെ ആക്സിസ് ബാങ്കിന് ആ നിർദ്ദേശത്തിന്മേൽ നടപടി എടുക്കേണ്ട കാര്യമില്ല.

6.7. ഫണ്ടുകളുടെ അപര്യാപ്തത മൂലമോ, അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നിന്നോ നിയമപരമായ അധികാരിയിൽ നിന്നോ ലഭിക്കുന്ന ഉത്തരവ്, മാർഗ്ഗനിർദ്ദേശം, നിർദ്ദേശം എന്നിവ മൂലമോ, നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾക്ക് ആക്സിസ് ബാങ്ക് ഉത്തരവാദിയാകില്ല.

6.8. ഉപഭോക്താവ് നൽകുന്ന നിർദ്ദേശങ്ങൾ പ്രകാരം കോർപ്പറേറ്റ് ഇന്റർനെറ്റ് ബാങ്കിംഗ് ചാനലിൽ ട്രാൻസാക്ഷൻ പ്രോസസ്സിംഗ് ചട്ടങ്ങളും പരിധികളും സൃഷ്ടിക്കപ്പെടും. ഇന്റർനെറ്റ് ബാങ്കിംഗിൽ ട്രാൻസാക്ഷൻ നടത്തുന്നതിനും അപ്രൂവൽ നൽകുന്നതിനുമുള്ള ഉത്തരവാദിത്തം ഉപഭോക്താവിനാണ്, സൗകര്യത്തിന്റെ ദുരുപയോഗം/അനധികൃത ഉപയോഗം അല്ലെങ്കിൽ ഉപയോക്താക്കൾ ആക്സസ് ക്രെഡൻഷ്യലുകളിൽ വരുത്തിയ വിട്ടുവീഴ്ച്ച മൂലം സംഭവിക്കുന്ന അവിചാരിത ഭവിഷ്യത്തുകൾക്ക് ആക്സിസ് ബാങ്ക് ബാധ്യത ഏറ്റെടുക്കുന്നതല്ല.

6.9. ഉപഭോക്താവ് നടത്തുന്ന ഏതെങ്കിലും വിദേശ കറൻസി ഇടപാടുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെ സാഹചര്യത്തിൽ, ആക്സിസ് ബാങ്ക് (വെബ്സൈറ്റ് വഴിയോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ) നൽകുന്ന വിനിമയ നിരക്കുകൾ, ഉണ്ടെങ്കിൽ, അവ താൽക്കാലികമായിരിക്കും, കൂടാതെ ഭാവിയിൽ വിനിമയ നിരക്കിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് വിധേയമായിരിക്കും. ട്രാൻസാക്ഷനിൽ കണക്കാക്കുന്ന നിരക്ക് എല്ലാ ലക്ഷ്യങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും പ്രാബല്യത്തിലുള്ള നിരക്ക് ആയിരിക്കും. ഉപഭോക്താവ് നൽകുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾ, റഗുലേഷനുകൾ, ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്റ്റ്, 1999 ന് കീഴിൽ ആവിഷ്ക്കരിച്ച വിവിധ ചട്ടങ്ങൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അല്ലെങ്കിൽ മറ്റേതെങ്കിലും സർക്കാർ സ്ഥാപനം അല്ലെങ്കിൽ നിയമാനുസൃത അതോറിറ്റി ആവിഷ്ക്കരിച്ച മറ്റ് നിയമങ്ങളും ചട്ടങ്ങളും എന്നിവ ഉൾപ്പെടെ, അവയിൽ പരിമിതപ്പെടാതെ, ബാധകമായ നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമാകരുത്.

## 7. ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾക്കായി ആക്സിസ് ബാങ്കിന്റെ അധികാരം

7.1. നിർദ്ദേശങ്ങൾ നൽകിക്കൊണ്ട്, സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്തിരിക്കുന്ന അതിന്റെ എല്ലാ അക്കൗണ്ടുകളും ആക്സസ് ചെയ്യാനും, ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ മുഖേന ഉപഭോക്താവ് നടത്തുന്ന ബാങ്കിംഗ് അല്ലെങ്കിൽ മറ്റ് ട്രാൻസാക്ഷനുകൾ നിർവ്വഹിക്കുന്നതിനും ഉപഭോക്താവ് നിരുപാധികമായും പിൻവലിക്കാനാവാത്ത വിധത്തിലും ആക്സിസ് ബാങ്കിനെ അധികാരപ്പെടുത്തുന്നു.

## 8. ട്രാൻസാക്ഷൻ പരിധികൾ

8.1. ആക്സിസ് ബാങ്ക്, കാലാകാലങ്ങളിൽ, അതിന്റെ വിവിധ സേവനങ്ങൾക്ക് പരമാവധി, മിനിമം ട്രാൻസാക്ഷൻ പരിധികൾ നിർണയിക്കും. ആക്സിസ് ബാങ്ക് ഏർപ്പെടുത്തുന്ന അത്തരം പരിധികൾ പാലിക്കാൻ ഉപഭോക്താവ് ബാധ്യസ്ഥനായിരിക്കും.

## 9. വിവരങ്ങളിലെ മാറ്റങ്ങൾ

9.1. ഉപഭോക്താവ് നൽകുന്ന വിവരങ്ങളിലോ ഡോക്യുമെന്റുകളിലോ എന്തെങ്കിലും മാറ്റം വരുത്തിയാൽ, ആ മാറ്റം വരുത്തിയ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ, ആക്സിസ് ബാങ്ക് നിഷ്ക്കർഷിച്ചിട്ടുള്ള രീതിയിൽ ഉപഭോക്താവ് ആക്സിസ് ബാങ്കിനെ, ഉപഭോക്താവിന്റെ പ്രസ്താവനയോടൊപ്പം അറിയിക്കേണ്ടതാണ്. ഉപയോക്താക്കളുടെ പട്ടിക കാലാകാലങ്ങളിൽ പരിഷ്ക്കരിക്കാനും ചേർക്കാനും/അല്ലെങ്കിൽ ഡിലീറ്റ് ചെയ്യാനും ഉപഭോക്താവിന് അവകാശമുണ്ട്, അതിനായി ഉപഭോക്താവിന്റെ പ്രസ്താവനയോടൊപ്പം ആക്സിസ് ബാങ്കിന് കത്ത് നൽകണം. ആക്സിസ് ബാങ്ക് മാറ്റങ്ങൾ നടപ്പിലാക്കുന്ന കാര്യം ഉപഭോക്താവിനെ അറിയിച്ചതിന് ശേഷം മാത്രമാണ് ആ മാറ്റങ്ങൾ പ്രാബല്യത്തിൽ വരിക, അതുവരെ, ആക്സിസ് ബാങ്കിൽ ലഭ്യമായ ഉപയോക്താക്കളുടെ പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള ഉപഭോക്താവിന്റെ ഏതെങ്കിലും പ്രതിനിധികളിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ ആക്സിസ് ബാങ്ക് തുടർന്നും സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്യും.

## 10. രഹസ്യസ്വഭാവവും വെളിപ്പെടുത്തലും

10.1. ഉപഭോക്താവിന്റെ ക്രെഡൻഷ്യൽ ഇൻഫർമേഷൻ ഉപയോഗിക്കാനും അത്തരം വിവരങ്ങൾ ഉപഭോക്താവിന് സേവനങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് ആക്സിസ് ബാങ്കിന്റെ ബ്രാഞ്ചുകൾ, സബ്സിഡിയറികൾ, പ്രതിനിധി ഓഫീസുകൾ, അഫിലിയേറ്റുകൾ, ഓഡിറ്റർമാർ, വെൻഡർമാർ, പങ്കാളികൾ, ഏജന്റുമാർ എന്നിവരുമായി എവിടെയും പങ്കിടാനും ഉപഭോക്താവ് അനുവദിക്കുന്നു, അത്തരം ഏതെങ്കിലും ബ്രാഞ്ച്, സബ്സിഡിയറി, പ്രതിനിധി ഓഫീസ്, അഫിലിയേറ്റ്, വെൻഡർ, പാർട്ട്ണർ അല്ലെങ്കിൽ ഏജന്റിന് ഏതെങ്കിലും നിയമം, കോടതി, റെഗുലേറ്ററി അല്ലെങ്കിൽ ലീഗൽ പ്രോസസ് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ഈ വിവരങ്ങൾ ട്രാൻസ്ഫർ ചെയ്യാൻ അവകാശമുണ്ടെന്ന് ഉപഭോക്താവ് അംഗീകരിക്കുകയും ചെയ്യുന്നു.

## 11. വാറന്റികളുടെ നിരാകരണം

11.1. ഇവിടെ നൽകിയിരിക്കുന്നതും നിബന്ധനകളും വ്യവസ്ഥകളിലും ഉറപ്പ് നൽകിയിട്ടുള്ളത് അല്ലാതെ, ഇവിടെ നൽകിയിരിക്കുന്ന സേവനങ്ങളുമായി ബന്ധപ്പെട്ട് ആക്സിസ് ബാങ്ക് പ്രകടമോ സൂചിപ്പിച്ചതോ ആയ മറ്റൊരു വാറന്റിയും നൽകുന്നില്ല, സിഐബി സിസ്റ്റങ്ങൾ/സേവനങ്ങളുടെ തടസ്സമില്ലാത്ത, പിശക് രഹിതമായ, സമയബന്ധിതമായ അല്ലെങ്കിൽ സുരക്ഷിതമായ പ്രകടനം,

ഉടമസ്ഥാവകാശം, തൃപ്തികരമായ ഗുണനിലവാരം, വ്യാപാരക്ഷമത, ഒരു പ്രത്യേക ആവശ്യത്തിനുള്ള ഫിറ്റ്നസ്, ഡാറ്റ കൃത്യത, പൂർണ്ണത, ഇന്റർനെറ്റ് ബാങ്കിംഗിലെ ലംഘനം അല്ലെങ്കിൽ ആക്സിസ് ബാങ്കിൽ നിന്ന് ഉപഭോക്താവിലേക്ക് വിവരങ്ങൾ കൈമാറുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും വാറന്റികൾ എന്നിവ ഉൾപ്പെടെ, എന്നാൽ അതിൽ പരിമിതപ്പെടാതെ, പ്രകടമോ സൂചിതമോ നിയമാനുസൃതമോ ആയ ഏതെങ്കിലും തരത്തിലുള്ള എല്ലാ വാറന്റികളും ഇതിനാൽ പൂർണ്ണമായും നിരാകരിക്കുന്നു.

**12. സെറ്റ്-ഓഫ് അവകാശം**

12.1. ആക്സിസ് ബാങ്കിലെ ക്ലയന്റിന്റെ നിക്ഷേപങ്ങൾ, ഫണ്ടുകൾ അല്ലെങ്കിൽ മറ്റ് സ്വത്തുക്കൾ, ഒറ്റ പേരിലോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയുമായി സംയുക്തമായോ കൈവശം വച്ചാലും, ഈ സൗകര്യത്തിന്റെ ഫലമായോ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന എല്ലാ കുടിശ്ശികകളുടെയും പരിധി വരെ, ആക്സിസ് ബാങ്കിന് ബാങ്കറുടെ അവകാശവും സെറ്റ്-ഓഫ് അവകാശവും ഉണ്ടായിരിക്കും.

**13. നഷ്ടപരിഹാരം**

13.1. സേവനങ്ങൾ നൽകുന്നതിനിടയിൽ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടങ്ങൾ, ചെലവുകൾ, നിയമപരമായ പരാതികൾ തുടങ്ങിയവയിൽ നിന്നും ആക്സിസ് ബാങ്ക്, അതിന്റെ ഓഫീസർമാർ, ഡയറക്ടർ, ഏജന്റുമാർ, വെൻഡർമാർ, പാർട്ട്ണർമാർ, അഫിലിയേറ്റുകൾ, ജീവനക്കാർ, പ്രതിനിധികൾ തുടങ്ങിയവരെ സംരക്ഷിക്കുകയും നഷ്ടപരിഹാരം നൽകുകയും ചെയ്യുമെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. ഉപഭോക്താവിന്റെ പിശക്, അശ്രദ്ധ, തെറ്റായ പെരുമാറ്റം, നിബന്ധനകൾ അല്ലെങ്കിൽ നിയമങ്ങൾ പാലിക്കാത്തത്, അല്ലെങ്കിൽ ഉപഭോക്താവ് നൽകിയ നിർദ്ദേശങ്ങളിൽ ആക്സിസ് ബാങ്ക് നല്ല രീതിയിൽ നടപടി സ്വീകരിച്ചതിനാലോ സ്വീകരിക്കാതിരുന്നതിനാലോ ഉണ്ടാകുന്ന പ്രശ്നങ്ങൾ എല്ലാം ഇതിൽ ഉൾപ്പെടും.

13.2. ഉപഭോക്താവിന്റെ ഏതെങ്കിലും പ്രവർത്തനം അല്ലെങ്കിൽ ഒഴിവാക്കൽ മൂലം ഏതെങ്കിലും സർക്കാർ സ്ഥാപനം, റെഗുലേറ്ററി അതോറിറ്റി അല്ലെങ്കിൽ തേർഡ് പാർട്ടി എന്നിവ ആക്സിസ് ബാങ്കിന് എതിരെ എടുക്കുന്ന ഏതെങ്കിലും നടപടിയുടെ ഫലമായി ഏത് സമയത്തും വരുന്ന, നേരിടുന്ന, അനുഭവിക്കുന്ന അല്ലെങ്കിൽ അനന്തരഫലമായി ഭവിക്കുന്ന നടപടികൾ, ക്ലെയിമുകൾ, ഡിമാൻഡുകൾ, നടപടിക്രമങ്ങൾ, നഷ്ടങ്ങൾ, കുഴപ്പങ്ങൾ, ചെലവുകൾ, ചാർജുകൾ, എന്നിവയ്ക്കെതിരെ ഉപഭോക്താവ് ആക്സിസ് ബാങ്ക്, അതിന്റെ ഓഫീസർമാർ, ഡയറക്ടർ, ഏജന്റുമാർ, വെൻഡർമാർ, പാർട്ട്ണർമാർ, അഫിലിയേറ്റുകൾ, ജീവനക്കാർ, പ്രതിനിധികൾ എന്നിവരെ ബാധ്യതാമുക്തമാക്കി സംരക്ഷിക്കുമെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.

## 14. ഇന്റർനെറ്റ് ബാങ്കിംഗ് റെക്കോർഡുകളും ട്രാൻസാക്ഷൻ നിബന്ധനകളും

14.1. ഉപഭോക്താവിന്റെ ഭാഗത്ത് നിന്നുള്ള വെരിഫിക്കേഷനായി ഓൺലൈൻ/ഓഫ്‌ലൈൻ മോഡ് വഴി ആക്സിസ് ബാങ്ക് ഉപഭോക്താവിന് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് നൽകുന്നതാണ്. ഒരു നിർദ്ദേശം നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പൊരുത്തക്കേട് ഉണ്ടെങ്കിൽ, ട്രാൻസാക്ഷൻ തീയതി മുതൽ 7 (ഏഴ്) ദിവസത്തിനുള്ളിൽ ഉപഭോക്താവ് ആക്സിസ് ബാങ്കിന് അത് റിപ്പോർട്ട് ചെയ്യണം. മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ പൊരുത്തക്കേട് റിപ്പോർട്ട് ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ ഒരു നിർദ്ദേശം ശരിയായി നടപ്പിലാക്കിയതിനെ സംബന്ധിച്ചോ അല്ലെങ്കിൽ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്ത തുകയെ സംബന്ധിച്ചോ ഉപഭോക്താവിന് തർക്കം ഉന്നയിക്കാൻ അവകാശമുണ്ടാകില്ലെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു

14.2. ഇടപാട് രേഖപ്പെടുത്തിയ സമയം ഉൾപ്പെടെ, നിർദ്ദേശങ്ങളെ തുടർന്ന് നടന്ന ഇടപാടുകളുമായി ബന്ധപ്പെട്ട് ആക്സിസ് ബാങ്ക് സൃഷ്ടിക്കുന്ന എല്ലാ രേഖകളും ആക്സിസ് ബാങ്കിന് ലഭിച്ച നിർദ്ദേശങ്ങളുടെയും അതിന്റെ അടിസ്ഥാനത്തിൽ നടന്ന ഇടപാടുകളുടെയും കൃത്യത തെളിയിക്കുന്ന അന്തിമ തെളിവായിരിക്കും.

14.3. അത്തരം റെക്കോർഡുകൾ ഒറിജിനൽ അല്ലെന്നും, രേഖാമൂലം അല്ലെന്നും, കമ്പ്യൂട്ടറിൽ ഉണ്ടാക്കിയ ഡോക്യുമെന്റുകൾ ആണെന്നും ഉള്ള കാരണങ്ങളാൽ, ഏതെങ്കിലും നിയമ നടപടികളിൽ ആക്സിസ് ബാങ്കിന്റെ റെക്കോർഡുകൾ തെളിവായി ഹാജരാക്കുന്നതിനെ എതിർക്കില്ലെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.

14.4. ഏതെങ്കിലും യോഗ്യമായ കോടതി അല്ലെങ്കിൽ ജുഡീഷ്യൽ അല്ലെങ്കിൽ അർദ്ധ-ജുഡീഷ്യൽ അതോറിറ്റി അല്ലെങ്കിൽ ട്രിബ്യൂണൽ അല്ലെങ്കിൽ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി അല്ലെങ്കിൽ സർക്കാർ അതോറിറ്റിക്ക് മുമ്പാകെ ഉപഭോക്താവിനെതിരെ തെളിവായി ഉപഭോക്താവിൽ നിന്ന് ലഭിച്ച എല്ലാ വിവരങ്ങളും ഉപയോഗിക്കാൻ ആക്സിസ് ബാങ്കിന് അനുമതിയുണ്ട്.

14.5. ട്രേഡ് പോർട്ടൽ സേവനങ്ങളിൽ ട്രാൻസാക്ഷൻ നടത്തിയ തീയതി മുതൽ രണ്ട് പ്രവൃത്തി ദിവസത്തിനുള്ളിൽ ബാധകമായ സ്റ്റാമ്പിംഗ് സഹിതം(ബാധകമാകുന്നിടത്ത്) എല്ലാ ഒറിജിനൽ ഡോക്യുമെന്റുകളും ക്ലയന്റ് ബന്ധപ്പെട്ട ബ്രാഞ്ചിൽ സമർപ്പിക്കണം.

## 15. ടെർമിനേഷൻ

15.1. ഈ ക്ലോസ് 15-നു വിധേയമായി, ആക്സിസ് ബാങ്കിന് 30 ദിവസത്തെ മുൻകൂട്ടി അറിയിപ്പോടെ ഏതുസമയത്തും എല്ലാ സേവനങ്ങളും അല്ലെങ്കിൽ ഏതെങ്കിലും സേവനങ്ങൾ  നിർത്തിവയ്ക്കാനുള്ള അവകാശം ഉണ്ടായിരിക്കും. എന്നാൽ, ഉപഭോക്താവ് നിബന്ധനകളും

വ്യവസ്ഥകളും ലംഘിച്ചിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ ഉപയോക്താവിന്റെ മരണം, പാപ്പരത്തം, അല്ലെങ്കിൽ നിയമപരമായ യോഗ്യതയുടെ അഭാവം എന്നിവയെക്കുറിച്ച് ആക്സിസ് ബാങ്ക് അറിയുകയാണെങ്കിൽ, അത്തരം സാഹചര്യങ്ങളിൽ മുൻകൂട്ടി അറിയിപ്പ് നൽകാതെ തന്നെ സേവനങ്ങൾ നിർത്തിവയ്ക്കാൻ ആക്സിസ് ബാങ്കിന് അവകാശമുണ്ടാകും

15.2. കസ്റ്റമറിന്റെ അക്കൗണ്ടുകൾ ക്ലോസ് ചെയ്താൽ സേവനം അവസാനിപ്പിക്കും.

15.3. ഇവിടെ നൽകിയിരിക്കുന്ന സേവനങ്ങൾ ഇതുമായി ബന്ധപ്പെട്ട മറ്റ് കക്ഷിക്ക് 30 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി റദ്ദാക്കാൻ ഉപഭോക്താവിന് അവകാശമുണ്ട്.

15.4. സേവനങ്ങൾ അവസാനിപ്പിക്കുകയോ നിർത്തിവെക്കുകയോ ചെയ്യുന്നതു മൂലം ഉണ്ടാകാവുന്ന ഏതെങ്കിലും തരത്തിലുള്ള കുഴപ്പങ്ങൾ, ക്ലെയിമുകൾ, നഷ്ടങ്ങൾ, ചെലവുകൾ എന്നിവയ്ക്ക് ആക്സിസ് ബാങ്കിന് ഉത്തരവാദിത്തം ഉണ്ടായിരിക്കില്ല.

## 16. അപ്രതീക്ഷിത സാഹചര്യങ്ങൾ

16.1. ഒരു അപ്രതീക്ഷിത സംഭവം മൂലം ഈ നിബന്ധനകളും വ്യവസ്ഥകളും പ്രകാരമുള്ള തന്റെ ബാധ്യതകൾ നിർവഹിക്കാൻ ആക്സിസ് ബാങ്കിന് കഴിയാതിരുന്നാലോ, നിർവഹണം തടസ്സപ്പെടുകയോ വൈകുകയോ ചെയ്താലോ അതിന് ആക്സിസ് ബാങ്ക് ഉത്തരവാദിയായിരിക്കില്ല. അത്തരം അപ്രതീക്ഷിത സാഹചര്യം നിലനിൽക്കുന്ന കാലയളവിൽ, ബാങ്കിന്റെ ബാധ്യതകൾ താൽക്കാലികമായി നിർത്തിവെക്കപ്പെടും. (എന്നാൽ, ഈ വ്യവസ്ഥ മൂലം അടയ്ക്കേണ്ട പ്രധാന തുകയ്ക്ക് പലിശ കൂട്ടിച്ചേർക്കുന്നത് തടയപ്പെടില്ല). "അപ്രതീക്ഷിത സംഭവം" എന്നത്, ആക്സിസ് ബാങ്കിന്റെ നിയന്ത്രണത്തിന് പുറത്തുള്ള ഏതെങ്കിലും കാരണങ്ങളാൽ ഉണ്ടാകുന്ന സംഭവങ്ങളെയാണ് സൂചിപ്പിക്കുന്നത്. ഇതിൽ, നെറ്റ്‌വർക്ക് തകരാർ, കമ്പ്യൂട്ടർ സിസ്റ്റങ്ങളിലെ പിഴവുകൾ, സ്റ്റോറേജ് ഉപകരണങ്ങളുടെ തകരാർ, പ്രകൃതിദുരന്തങ്ങൾ, നിയമപരമായ നിയന്ത്രണങ്ങൾ, അല്ലെങ്കിൽ മറ്റ് ഏതെങ്കിലും കാരണങ്ങൾ ഉൾപ്പെടുന്നു.

## 17. നിരക്കുകൾ

17.1. ആക്സിസ് ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സേവനങ്ങൾക്ക് ബാധകമായ എല്ലാ നിരക്കുകളും (ചരക്ക്, സേവന നികുതി (ജിഎസ്ടി) ഉൾപ്പെടെ ബാധകമായ എല്ലാ നികുതികൾക്കും പുറമെ, അവയും ഉപഭോക്താവ്/അക്കൗണ്ട് ഉടമ വഹിക്കേണ്ടതാണ്), അല്ലെങ്കിൽ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കാലാകാലങ്ങളിൽ സമ്മതിച്ചിട്ടുള്ളതും, വെബ്സൈറ്റ് വഴി അല്ലെങ്കിൽ മറ്റേതെങ്കിലും മാധ്യമം വഴി ഉപഭോക്താവിനെ അറിയിക്കുന്നതിന് ആവശ്യമായ നിരക്കുകളും/ചാർജുകളും വഹിക്കാൻ ഉപഭോക്താവ് ഇതിനാൽ

സമ്മതിക്കുന്നു. ഉപഭോക്താവിന്റെ അക്കൗണ്ടുകളിൽ നിന്ന് അത്തരം ചാർജുകൾ പിടിക്കാൻ ആക്സിസ് ബാങ്കിന് അധികാരമുണ്ട്.

17.2. ബാങ്ക് ഇതിനാൽ താഴെപ്പറയുന്ന പ്രകാരം സമ്മതിക്കുകയും ഏൽക്കുകയും ചെയ്യുന്നു

(i) ബാങ്ക് ഉന്നയിക്കുന്ന ഇൻവോയ്സിൽ (എന്തെങ്കിലും ഉണ്ടെങ്കിൽ) ഉപഭോക്താവ് നൽകുന്നതുപോലെ ഉപഭോക്താവിന്റെ ജിഎസ്ടിഐഎൻ ഉണ്ടായിരിക്കും.;

(ii) ബാങ്ക് ഉപഭോക്താവിന് നൽകിയ സപ്ലൈയുമായി ബന്ധപ്പെട്ട ഇൻവോയിസുകളുടെ (ഉണ്ടെങ്കിൽ) വിവരങ്ങൾ നിർദ്ദിഷ്ട ഫോമിൽ ജിഎസ്ടിഎൻ കോമൺ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം.

(iii) ഉപഭോക്താവിന് നൽകിയ സപ്ലൈയിൽ ബാങ്ക് ബാധകമായ ജിഎസ്ടി അടയ്ക്കുകയും, നിയമപരമായ സമയപരിധിക്കുള്ളിൽ ജിഎസ്ടി നിയമങ്ങൾക്ക് കീഴിൽ നിർദ്ദേശിച്ച പ്രകാരം ജിഎസ്ടി റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്യും.

17.3. സർവ്വീസ് ചാർജ്ജുകളുടെയും ഈടാക്കുന്ന ഫീസുകളുടെയും വിശദാംശങ്ങൾ

**18. ഉപയോക്താവിന്റെ ബാധ്യത**

താഴെപ്പറയുന്നവ പോലുള്ള അശ്രദ്ധമായ പ്രവർത്തനങ്ങൾ മൂലം നിബന്ധനകൾ ലംഘിക്കുകയോ, നഷ്ടത്തിന് ഇടയാക്കുകയോ, കാരണമാകുകയോ ചെയ്താൽ ആക്സിസ് ബാങ്ക് ഇന്റർനെറ്റ് ബാങ്കിംഗ് അക്കൗണ്ടുകളിലെ അനധികൃത ട്രാൻസാക്ഷനുകളിൽ നിന്നുള്ള ഏതെങ്കിലും നഷ്ടത്തിന് ഉപയോക്താവ് മാത്രമായിരിക്കും ഉത്തരവാദി:

- ആക്സിസ് ബാങ്ക് ഇന്റർനെറ്റ് ബാങ്കിംഗ് പാസ്സ്‌വേർഡ് എഴുതിയോ ഇലക്ട്രോണിക് റെക്കോർഡ് ആയോ സൂക്ഷിക്കൽ
- ആക്സിസ് ബാങ്കിന്റെ ഇന്റർനെറ്റ് ബാങ്കിംഗ് പാസ്‌വേഡ് ആരോടെങ്കിലും (പ്രായപൂർത്തിയാകാത്തവർ, ബാങ്ക് ജീവനക്കാർ ഉൾപ്പെടെ) വെളിപ്പെടുത്തുകയോ, അത്തരത്തിലുള്ള വെളിപ്പെടുത്തൽ തടയാൻ ആവശ്യമായ എല്ലാ യുക്തിസഹമായ നടപടികൾ സ്വീകരിക്കാതിരിക്കുകയോ, അല്ലെങ്കിൽ ഇങ്ങനെ പാസ്‌വേഡ് വെളിപ്പെടുത്തിയ കാര്യം ഉടൻ ബാങ്കിനെ അറിയിക്കാതിരിക്കുകയോ ചെയ്യുന്നത്
- ആക്സിസ് ബാങ്ക് ഇന്റർനെറ്റ് ബാങ്കിംഗ് അക്കൗണ്ടുകളിലെ അനധികൃത ആക്സസ് അല്ലെങ്കിൽ തെറ്റായ ട്രാൻസാക്ഷനുകളെക്കുറിച്ച് യഥാസമയം ബാങ്കിനെ അറിയിക്കുന്നില്ല.
- പ്രകൃതി ദുരന്തം, വെള്ളപ്പൊക്കം, അഗ്നിബാധ, ഏതെങ്കിലും തരത്തിലുള്ള മറ്റ് പ്രകൃതി ദുരന്തങ്ങൾ, നിയമപരമായ നിയന്ത്രണങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കിലോ ഇന്റർനെറ്റ് അല്ലെങ്കിൽ നെറ്റ്‌വർക്ക് പരാജയം, പവർ ബ്രേക്ക്ഡൗൺ അല്ലെങ്കിൽ അപ് ബ്രേക്ക്ഡൗൺ, സോഫ്റ്റ്‌വെയർ അല്ലെങ്കിൽ ഹാർഡ്‌വെയർ തകരാർ/അല്ലെങ്കിൽ പിശക് അല്ലെങ്കിൽ ബാങ്കിന്റെ ന്യായമായ നിയന്ത്രണത്തിന് അതീതമായ മറ്റേതെങ്കിലും കാരണം എന്നിവ

ഉൾപ്പെടെയുള്ള, എന്നാൽ അതിൽ പരിമിതപ്പെടാത്ത, കാരണങ്ങളാൽ ഇന്റർനെറ്റ് ബാങ്കിംഗ് ആക്സസ് ആവശ്യമായ രീതിയിൽ ലഭ്യമല്ലെങ്കിൽ ബാങ്കിന് യാതൊരു വിധ ഉത്തരവാദിത്തവും ഉണ്ടായിരിക്കില്ല. അന്താരാഷ്ട്രതലത്തിൽ സ്വീകരിച്ച 'സൈബർ സംബന്ധമായ കുറ്റകൃത്യത്തിന്റെ' നിർവചനങ്ങളിൽ വരുന്ന വിധം, മറ്റൊരാൾ നിങ്ങളുടെ അക്കൗണ്ട് ഹാക്ക് ചെയ്യുന്നത് മൂലം സംഭവിച്ചേക്കാവുന്ന നഷ്ടം അല്ലെങ്കിൽ കുഴപ്പങ്ങൾക്ക് ബാങ്ക് യാതൊരു വിധത്തിലും ബാധ്യസ്ഥമായിരിക്കില്ല. അത്തരം നഷ്ടങ്ങൾ പ്രത്യക്ഷമോ, പരോക്ഷമോ, സാന്ദർഭികമോ, അനന്തരഫലമായതോ ആയാലും, വരുമാനം, നിക്ഷേപം, ഉൽപ്പാദനം, ഗുഡ്‌വിൽ, ലാഭം എന്നിവയുടെ നഷ്ടത്തിന്റെ അടിസ്ഥാനത്തിലുള്ള ക്ലെയിം ആയാലും, ബിസിനസിന്റെ തടസ്സം അല്ലെങ്കിൽ ഏതെങ്കിലും സ്വഭാവത്തിലോ രീതിയിലോ ഉള്ള മറ്റേതെങ്കിലും നഷ്ടം, ഉപയോക്താവിനോ മറ്റേതെങ്കിലും വ്യക്തിക്കോ ഉണ്ടാകുന്ന നഷ്ടം എന്നിവ ആയാലും യാതൊരു സാഹചര്യത്തിലും ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

## 19. എംഐഎസ്/റിപ്പോർട്ടുകൾ

19.1. ഈ ഫെസിലിറ്റി/ ഫെസിലിറ്റികൾ/സേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഡാറ്റ, സ്റ്റേറ്റ്മെന്റുകൾ, റിപ്പോർട്ടുകൾ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ബാങ്ക് അതിന്റെ വിവേചനാധികാരത്തിൽ (a) ക്ലയന്റ് നൽകിയിട്ടുള്ള വിലാസത്തിൽ ഇലക്ട്രോണിക് മെയിൽ അല്ലെങ്കിൽ (b) എസ്എംഎസ് ഉൾപ്പെടെ മറ്റേതെങ്കിലും ഇലക്ട്രോണിക് രീതി മുഖേന നൽകാം. അത്തരം വിവരങ്ങൾ രഹസ്യ സ്വഭാവമുള്ളതാണെന്നും, അയക്കുന്ന വേളയിൽ ഏതെങ്കിലും വ്യക്തി പിടിച്ചെടുക്കുകയോ വായിക്കുകയോ പരിഷ്ക്കരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തേക്കാമെന്നും, ഇന്റർനെറ്റ് കമ്യൂണിക്കേഷൻ സമയബന്ധിതവും സുരക്ഷിതവും പിശക് അല്ലെങ്കിൽ വൈറസ് രഹിതവുമാണെന്ന് ഉറപ്പ് നൽകാൻ കഴിയില്ലെന്നും ക്ലയന്റ് അംഗീകരിക്കുന്നു. ഇന്റർനെറ്റിലൂടെ അയക്കുന്ന അത്തരം വിവരങ്ങൾ മൂലമുണ്ടാകുന്ന ഏതെങ്കിലും കാലതാമസങ്ങൾ, പിശകുകൾ അല്ലെങ്കിൽ ഒഴിവാക്കലുകൾ എന്നിവയ്ക്ക് ബാങ്ക് ബാധ്യസ്ഥമല്ല, കൂടാതെ ബാങ്കോ മറ്റ് തേർഡ് പാർട്ടികളോ കാരണമായാലും, നേരിട്ടോ അല്ലാതെയോ അനന്തരഫലമായോ ഉണ്ടാകുന്ന നഷ്ടത്തിന് യാതൊരു ബാധ്യതയും വഹിക്കില്ല.

## 20. കൈമാറ്റം ചെയ്യാനാകാത്തതും മറ്റൊരാൾക്ക് ഏൽപ്പിക്കാനാകാത്തതും

20.1. ഉപഭോക്താവിന് അനുവദിച്ചു നൽകുന്ന സേവനങ്ങൾ യാതൊരു സാഹചര്യത്തിലും ട്രാൻസ്ഫർ ചെയ്യാൻ കഴിയില്ല. ഉപഭോക്താവ് മാത്രമാണ് ഉപയോഗിക്കുക. സേവനങ്ങളുമായോ അതിന്റെ ഏതെങ്കിലും ഭാഗവുമായോ ബന്ധപ്പെട്ട് ഉപഭോക്താവ് അതിന്റെ അവകാശങ്ങൾ

/അല്ലെങ്കിൽ ബാധ്യതകൾ മറ്റേതെങ്കിലും വ്യക്തിക്ക് നൽകാൻ പാടില്ല. സേവനങ്ങളുമായി ബന്ധപ്പെട്ട് അതിന്റെ കടമകൾ നിറവേറ്റാൻ ആക്സിസ് ബാങ്ക് സബ്കോൺട്രാക്ട് ചെയ്ത് ഏജന്റുമാരെ നിയമിക്കാം.

## 21. പ്രാബല്യത്തിലുള്ള നിയമവും അധികാരപരിധിയും

21.1. സേവനങ്ങളുടെ കൺസ്ട്രക്ഷൻ, സാധുത, പെർഫോമൻസ് എന്നിവയും, ഈ നിബന്ധനകളും വ്യവസ്ഥകളും എല്ലാ കാര്യത്തിലും ഇന്ത്യയിലെ നിയമങ്ങളാലാണ് നിയന്ത്രിക്കപ്പെടുക. മുംബൈയിലെ കോടതികളുടെ പ്രത്യേക അധികാരപരിധിയിൽ കക്ഷികൾ ഇതിനാൽ വിധേയപ്പെടുന്നു. ആക്സിസ് ബാങ്കിന്റെ കസ്റ്റമർ ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങളിൽ ലോഗിൻ ചെയ്യുന്നതിലൂടെയോ, അവയെ ഏതെങ്കിലും രീതിയിൽ ഉപയോഗിക്കുന്നതിലൂടെയോ, ഉപഭോക്താവ് മുകളിലുള്ള നിബന്ധനകളും വ്യവസ്ഥകളും അറിയുകയും അംഗീകരിക്കുകയും ചെയ്തതായി കണക്കാക്കപ്പെടും. ഉപഭോക്താവ് മേൽപ്പറഞ്ഞ നിബന്ധനകളോ വ്യവസ്ഥകളോ അംഗീകരിക്കുന്നില്ലെങ്കിൽ, വെബ്സൈറ്റിലെ ലോഗിൻ ഉൾപ്പെടെ മറ്റേതെങ്കിലും രീതിയിൽ ആക്സിസ് ബാങ്കിന്റെ കസ്റ്റമർ ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ ഉപയോഗിക്കാനോ ഉപയോഗിക്കാൻ ശ്രമിക്കാനോ പാടില്ല.

## 22. റിസ്കുകൾ

ആക്സിസ് ബാങ്ക് ഇന്റർനെറ്റ് ബാങ്കിംഗ് ആപ്ലിക്കേഷൻ ഉപയോഗിക്കുമ്പോൾ, ഡിജിറ്റൽ, ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങളിൽ സ്വാഭാവികമായി ഉള്ള റിസ്കുകൾ ഉപഭോക്താവ് അംഗീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. മികച്ച സുരക്ഷാ നടപടികൾ നൽകാൻ ആക്സിസ് ബാങ്ക് ശ്രമിക്കുമ്പോൾ തന്നെ, അതിന്റെ നിയന്ത്രണത്തിന് അതീതമായ കാര്യങ്ങൾ മൂലം ബാങ്കിന് പൂർണ്ണമായ സുരക്ഷ ഉറപ്പ് നൽകാൻ കഴിയില്ലെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. താഴെപ്പറയുന്ന സാധ്യതയുള്ള റിസ്കുകൾ ഉപഭോക്താവ് വ്യക്തമായി സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു:

- **അനധികൃത ആക്സസ്:** പിൻ, പാസ്സ്‌വേർഡുകൾ, ഡിവൈസ് സുരക്ഷാ സെറ്റിംഗ് ഉൾപ്പെടെയുള്ള ഉപഭോക്താവിന്റെ ക്രെഡൻഷ്യലുകൾ സൂക്ഷിക്കുന്നതിൽ വിട്ടുവീഴ്ച്ച വരുത്തിയാൽ അനധികൃത ആക്സസ് സംഭവിച്ചേക്കാം. ഈ ക്രെഡൻഷ്യലുകളുടെ രഹസ്യസ്വഭാവം നിലനിർത്തുന്നത് തന്റെ മാത്രം ഉത്തരവാദിത്തമാണെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.
- **സൈബർ-ആക്രമണങ്ങൾ:** ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ ഹാക്കിംഗ്, മാൽവെയർ, റാൻസംവെയർ, വൈറസുകൾ എന്നിവ ഉൾപ്പെടെയുള്ള സൈബർ ഭീഷണികൾക്ക് സാധ്യതയുണ്ടെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു, ഇത്തരം ആക്രമണങ്ങൾ വ്യക്തിഗതവും സാമ്പത്തികവുമായ വിവരങ്ങൾ അപകടത്തിലാക്കാൻ സാധ്യതയുണ്ട്.
- **ഫിഷിംഗ്, സോഷ്യൽ എഞ്ചിനീയറിംഗ് ആക്രമണങ്ങൾ:** സെൻസിറ്റീവ് ബാങ്കിംഗ് ക്രെഡൻഷ്യലുകൾ ചോർത്താൻ ഫിഷിംഗ് ഇമെയിലുകൾ, വ്യാജ വെബ്സൈറ്റുകൾ, കോളുകൾ, മെസ്സേജുകൾ

അല്ലെങ്കിൽ മറ്റ് വഞ്ചനാപരമായ രീതികൾ വഴി ലക്ഷ്യമിടാം. സംശയകരമായ അഭ്യർത്ഥനകളോട് പ്രതികരിക്കുന്നതിൽ നിന്ന് വിട്ടുനിന്ന് ഉപഭോക്താവ് ജാഗ്രത പുലർത്തേണ്ടതാണ്.

- **മാൽവെയർ ആക്രമണങ്ങൾ:** ഡിവൈസുകളിൽ ഹാനികരമായ സോഫ്റ്റ്‌വെയർ (മാൽവെയർ) ഇൻസ്റ്റാളേഷൻ വ്യക്തിഗത ഡാറ്റ, ലോഗിൻ ക്രെഡൻഷ്യലുകൾ, ട്രാൻസാക്ഷണൽ വിശദാംശങ്ങൾ എന്നിവയിലേക്ക് കടന്നുകയറ്റത്തിന് ഇടവരുത്തും. ഉപഭോക്താക്കൾ ഡിവൈസുകൾ വിശ്വസനീയ സുരക്ഷാ സോഫ്റ്റ്‌വെയർ കൊണ്ട് സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണം, വിശ്വസനീയമല്ലാത്ത സ്രോതസ്സുകളിൽ നിന്ന് ആപ്ലിക്കേഷനുകൾ ഡൗൺലോഡ് ചെയ്യുന്നത് ഒഴിവാക്കണം.
- **പ്രോസസ്സിംഗ് പിശകുകൾ:** സിസ്റ്റം തകരാറുകൾ, സോഫ്റ്റ്‌വെയർ ബഗുകൾ അല്ലെങ്കിൽ മനുഷ്യൻ നൽകുന്ന ഇൻപുട്ട് പിഴവുകൾ കാരണം, ട്രാൻസാക്ഷൻ പരാജയങ്ങൾ ഉൾപ്പെടെ, അതിൽ പരിമിതപ്പെടാതെ പ്രോസസ്സിംഗ് പിശകുകൾ ഉണ്ടായേക്കാം. ബാങ്കിന്റെ ഗുരുതരമായ അശ്രദ്ധയോ മനഃപൂർവ്വമുള്ള തെറ്റായ പ്രവർത്തിയോ കാരണമല്ലെങ്കിൽ അത്തരം പിശകുകൾക്കോ നഷ്ടങ്ങൾക്കോ ആക്സിസ് ബാങ്ക് ഉത്തരവാദി ആയിരിക്കില്ലെന്ന് ഉപഭോക്താവ് വ്യക്തമായി  സമ്മതിക്കുന്നു.
- **ട്രാൻസാക്ഷണൽ റിസ്കുകൾ:** ഇന്റർനെറ്റ് ബാങ്കിംഗ് വഴി നടത്തുന്ന ട്രാൻസാക്ഷനുകൾക്ക് സാങ്കേതിക പ്രശ്നങ്ങൾ, നെറ്റ്‌വർക്ക് പരാജയങ്ങൾ, സെർവർ ഡൗൺടൈം അല്ലെങ്കിൽ ട്രാൻസാക്ഷൻ പ്രോസസ്സിംഗ് പിശകുകൾ എന്നിവ മൂലം കാലതാമസം, പരാജയങ്ങൾ അല്ലെങ്കിൽ തെറ്റുകൾ സംഭവിക്കാം. നിയന്ത്രണത്തിന് അതീതമായ അത്തരം ട്രാൻസാക്ഷൻ തടസ്സങ്ങളിൽ നിന്ന് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ആക്സിസ് ബാങ്ക് ബാധ്യസ്ഥമായിരിക്കില്ല.
- **സുരക്ഷാ ലംഘനം:**  ശക്തമായ സൈബർ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുമെങ്കിലും, അനധികൃത കടന്നുകയറ്റം, ഹാക്കിംഗ് ശ്രമങ്ങൾ അല്ലെങ്കിൽ ഡാറ്റ ലംഘനങ്ങൾ എന്നിവയുടെ റിസ്ക് ശേഷിക്കും. ബാങ്കിന്റെ ന്യായമായ നിയന്ത്രണത്തിന് അതീതമായ സുരക്ഷാ ലംഘനങ്ങൾ മൂലമുള്ള നഷ്ടങ്ങൾക്കോ കുഴപ്പങ്ങൾക്കോ ആക്സിസ് ബാങ്ക് ഉത്തരവാദി ആയിരിക്കില്ലെന്ന് ഉപഭോക്താക്കൾ സമ്മതിക്കുന്നു.
- **ഡാറ്റ ലംഘനങ്ങൾ:**  ആക്സിസ് ബാങ്ക് ന്യായമായ ശ്രമങ്ങൾ നടത്തിയാലും ഡാറ്റ ലംഘനങ്ങൾ ഉണ്ടാകാമെന്ന് ഉപഭോക്താവ് മനസ്സിലാക്കുന്നു. അത്തരം ലംഘനങ്ങൾ സുപ്രധാന വ്യക്തിഗത, സാമ്പത്തിക വിവരങ്ങൾ ചോർത്തിയേക്കാം, ഐഡന്റിറ്റി മോഷണം, സാമ്പത്തിക തട്ടിപ്പ്, സ്വകാര്യതാ പ്രശ്നങ്ങൾ എന്നിവക്ക് ഇടയാക്കാം.
- **തേർഡ്-പാർട്ടി സേവന ദാതാക്കൾ:** ചില സേവനങ്ങൾക്കായി ആക്സിസ് ബാങ്ക് തേർഡ്-പാർട്ടി സേവന ദാതാക്കളെ നിയോഗിച്ചേക്കാം. തേർഡ് പാർട്ടി ദാതാക്കളെ  ആശ്രയിക്കുമ്പോൾ, സേവനങ്ങൾ ലഭിക്കാതെ വരിക, ആ തേർഡ് പാർട്ടികൾ ഡാറ്റ സുരക്ഷ ലംഘിക്കുക എന്നിങ്ങനെയുള്ള റിസ്ക്കുകൾ ഉണ്ടാകും. ഈ തേർഡ് പാർട്ടി സ്ഥാപനങ്ങൾ നടത്തുന്ന ലംഘനങ്ങൾക്കോ പരാജയങ്ങൾക്കോ ബാങ്ക് ബാധ്യസ്ഥമായിരിക്കില്ല.

- **സേവനം ലഭ്യമല്ലാത്തത്:** ഷെഡ്യൂൾ ചെയ്ത മെയിന്റനൻസ്, സിസ്റ്റം അപ്ഡേറ്റുകൾ അല്ലെങ്കിൽ അപ്രതീക്ഷിത സാങ്കേതിക പ്രശ്നങ്ങൾ കാരണം സമയാസമയങ്ങളിൽ ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ തടസ്സപ്പെട്ടാം. അത്തരം കാലയളവുകളിൽ ഉണ്ടാവുന്ന ബാങ്കിംഗ് സേവനങ്ങളിലെ കാലതാമസം, തടസ്സങ്ങൾ അല്ലെങ്കിൽ ഉപയോഗിക്കാൻ ചെയ്യാൻ കഴിയാതെ വരിക തുടങ്ങിയവയ്ക്ക് ആക്സിസ് ബാങ്ക് ഉത്തരവാദി ആയിരിക്കില്ലെന്ന് ഉപഭോക്താക്കൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.
- **റെഗുലേറ്ററി, ലീഗൽ റിസ്കുകൾ:** റെഗുലേറ്ററി ഫ്രെയിംവർക്കുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, കംപ്ലയൻസ് ആവശ്യകതകൾ എന്നിവയിലെ മാറ്റങ്ങൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് വിധേയമാണ്. നിയമത്തിലെയോ ചട്ടങ്ങളിലെയോ മാറ്റങ്ങൾ ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങളുടെ പ്രവർത്തനം, ലഭ്യത അല്ലെങ്കിൽ സുരക്ഷാ മാനദണ്ഡങ്ങളെ ബാധിച്ചേക്കാം.

ആക്സിസ് ബാങ്ക് ബാങ്കിംഗ് സേവനങ്ങളുടെ ഉപയോഗത്തിൽ സ്വാഭാവികമായി ഉണ്ടാകാവുന്ന അപകടസാധ്യതകളിൽ നിന്നോ, അതുമായി ബന്ധപ്പെട്ട് നേരിട്ടോ, പരോക്ഷമായോ, ആകസ്മികമായോ, അനുബന്ധമായോ സംഭവിക്കുന്ന നഷ്ടങ്ങൾക്കോ ബാങ്ക് ഉത്തരവാദിയായിരിക്കില്ല എന്ന് ഉപഭോക്താവ് സമ്മതിക്കുന്നു

**23. റിസ്കുകൾ ലഘൂകരിക്കുന്നതിന് ഉപഭോക്താവിന്റെ ബാധ്യതകൾ**

- ആപ്ലിക്കേഷനുകളും ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളും ഏറ്റവും പുതിയ വെർഷനിൽ പതിവായി അപ്ഡേറ്റ് ചെയ്യുക.
- ബാങ്കിംഗ് ട്രാൻസാക്ഷനുകൾ നടത്താൻ അൺസെക്യുവേർഡ് പബ്ലിക് വൈ-ഫൈ നെറ്റ്വർക്കുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കുക.
- സംശയാസ്പദമോ അനധികൃതമോ ആയ പ്രവർത്തനങ്ങൾ മനസിലാക്കാൻ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും ട്രാൻസാക്ഷനും പതിവായി നിരീക്ഷിക്കുക.
- ഡിവൈസുകളുടെയും/അല്ലെങ്കിൽ ബാങ്കിംഗ് ക്രെഡൻഷ്യലുകളുടെയും നഷ്ടപ്പെടൽ, മോഷണം അല്ലെങ്കിൽ വിട്ടുവീഴ്ച്ച എന്നിവ ഉടൻ ആക്സിസ് ബാങ്കിൽ റിപ്പോർട്ട് ചെയ്യുക.
- വ്യക്തിഗതമോ സാമ്പത്തികമോ ആയ വിവരങ്ങൾ ചോദിച്ചുള്ള അനാവശ്യ ആശയവിനിമയങ്ങളോട് പ്രതികരിക്കാതെ ജാഗ്രത പുലർത്തുക.
- സുരക്ഷ നിലനിർത്തുന്നതിനും അപകടസാധ്യത കുറയ്ക്കാനും പതിവായി പാസ്സ്‌വേർഡ്, പിൻ മാറ്റുക.

**ആക്സിസ് ബാങ്കിന്റെ നടപടികൾ:**

- ഉപഭോക്തൃ ഡാറ്റ സംരക്ഷിക്കുന്നതിന് എൻക്രിപ്ഷൻ, ഫയർവാളുകൾ, സുരക്ഷിതമായ ഒതന്റിക്കേഷൻ രീതികൾ, പതിവ് സുരക്ഷാ ഓഡിറ്റുകൾ എന്നിവ ഉൾപ്പെടെയുള്ള നൂതന സുരക്ഷാ നടപടികൾ ആക്സിസ് ബാങ്ക് ഏർപ്പെടുത്തുന്നു. ഈ ശ്രമങ്ങൾ നടത്തിയാലും, റിസ്കുകൾക്കെതിരെ സമ്പൂർണ പ്രതിരോധം ഉറപ്പാക്കാൻ കഴിയില്ലെന്ന് ഉപഭോക്താവ് അംഗീകരിക്കുന്നു.
- ബാങ്കിന്റെ ഗുരുതരമായ അശ്രദ്ധയോ മനഃപൂർവ്വമുള്ള തെറ്റായ പ്രവർത്തിയോ തെളിയിക്കപ്പെടുന്ന സാഹചര്യത്തിലല്ലാതെ ആക്സിസ്

ബാങ്ക് ഇന്റർനെറ്റ് ബാങ്കിംഗ് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിനിടെ സ്വാഭാവികമായി ഉണ്ടാകാവുന്ന അപകടസാധ്യതകളിൽ നിന്നോ, മുകളിൽ പറഞ്ഞിരിക്കുന്ന അപകടങ്ങളിൽ നിന്നോ ഉണ്ടാകുന്ന നേരിട്ടോ, പരോക്ഷമായോ, അനുബന്ധമായോ, ആകസ്മികമായോ സംഭവിക്കുന്ന നഷ്ടങ്ങൾ, നാശനഷ്ടങ്ങൾ, അവകാശവാദങ്ങൾ, ബാധ്യതകൾ, ചെലവുകൾ എന്നിവയ്ക്ക് ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

- ആക്സിസ് ബാങ്ക് ഇന്റർനെറ്റ് ബാങ്കിംഗ് ആപ്ലിക്കേഷൻ തുടർന്നും ഉപയോഗിക്കുമ്പോൾ, ഉപഭോക്താവ് ഈ റിസ്കുകൾ, തങ്ങളുടെ കടമകൾ, ആക്സിസ് ബാങ്കിന്റെ ബാധ്യതാ പരിമിതികൾ എന്നിവ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുവെന്ന് സ്ഥിരീകരിക്കുന്നു.

## 24. സുരക്ഷിത ബാങ്കിംഗ് ചെയ്യേണ്ടതും ചെയ്യരുതാത്തതും

- ആക്സിസ് ബാങ്ക്, ആർബിഐ അല്ലെങ്കിൽ അത്തരം മറ്റ് സ്ഥാപനങ്ങൾ നിങ്ങളുടെ വ്യക്തിഗത അല്ലെങ്കിൽ ബാങ്കിംഗ് വിവരങ്ങൾ ആവശ്യപ്പെട്ട് വിളിക്കുകയോ ഇമെയിലുകൾ അല്ലെങ്കിൽ എസ്എംഎസ് അയക്കുകയോ ചെയ്യാറില്ല. അത്തരം തട്ടിപ്പുകൾക്ക് ഇരയാകരുത്.
- നിങ്ങൾക്ക് ഉറപ്പില്ലാത്ത ഒരു മെസ്സേജ്/സെൻഡറിൽ നിന്നുള്ള യുആർഎൽ പിന്തുടരരുത്.
- എടിഎം കാർഡ് ഉപയോഗിക്കുന്നതിനോ ബ്രാഞ്ചിൽ പണം കൈകാര്യം ചെയ്യുന്നതിനോ അപരിചിതരിൽ നിന്ന് സഹായം എടുക്കരുത്, ട്രാൻസാക്ഷൻ ചെയ്യുമ്പോൾ നിങ്ങളെ നിരീക്ഷിക്കാൻ അനുവദിക്കരുത്.
- സൈബർ കഫേയിൽ/ പലരും ഉപയോഗിക്കുന്ന കമ്പ്യൂട്ടറിൽ നിങ്ങളുടെ ഇന്റർനെറ്റ് ബാങ്കിംഗ് അക്കൗണ്ട് ആക്സസ് ചെയ്യുന്നത് ഒഴിവാക്കുക. അങ്ങനെ ചെയ്യേണ്ടി വന്നാൽ, പിന്നീട് നിങ്ങളുടെ സ്വന്തം കമ്പ്യൂട്ടറിൽ നിന്ന് പാസ്‌വേഡ് മാറ്റുക
- ട്രാൻസാക്ഷൻ അലർട്ട് പതിവായി ലഭിക്കുന്നതിന് നിങ്ങൾ ബാങ്കിൽ ശരിയായ മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുക.

## സുരക്ഷിതമായ ഉപയോഗ മാർഗ്ഗനിർദ്ദേശങ്ങൾ

- പരിചയമില്ലാത്ത ഉപഭോക്താക്കൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് ആക്സസ് നൽകരുത്.
- ഒരു കളക്ഷൻ അഭ്യർത്ഥന സ്വീകരിക്കുമ്പോൾ, ശരിയായ സ്വീകർത്താവിനെയാണ് അപ്രൂവ് ചെയ്തതെന്ന് ഉറപ്പാക്കാൻ ശ്രദ്ധിക്കണം.
- എസ്എംഎസ് നോട്ടിഫിക്കേഷൻ ഉറപ്പാക്കുന്നതിന് നിങ്ങളുടെ മൊബൈൽ നമ്പർ മാറ്റിയാൽ പുതിയ മൊബൈൽ നമ്പർ ബാങ്കിനെ അറിയിക്കാൻ മറക്കരുത്.
- അറിയാവുന്നതോ അറിയാത്തതോ ആയ സ്രോതസുകളിൽ നിന്നുള്ള കോളർ ട്യൂണുകൾ, ഡയലർ ട്യൂണുകൾ, ഓപ്പൺ/ഡൗൺലോഡ് ഇമെയിൽ അഥവാ അറ്റാച്ച്മെന്റുകൾ എന്നിങ്ങനെയുള്ള ഓഫറുകൾ സ്വീകരിക്കുമ്പോൾ ജാഗ്രത പുലർത്തുക.
- നിങ്ങളുടെ ഫോൺ/കമ്പ്യൂട്ടറിൽ ക്രെഡിറ്റ് കാർഡ് വിശദാംശങ്ങൾ, ഇന്റർനെറ്റ് ബാങ്കിംഗ് പാസ്‌വേർഡ്, കസ്റ്റമർ ഐഡി തുടങ്ങിയ സെൻസിറ്റീവ് വിവരങ്ങൾ സ്റ്റോർ ചെയ്യരുത്.
- നിങ്ങളുടെ പിൻ പതിവായി മാറ്റുക.

- പൊതു സ്ഥലങ്ങളിൽ ബ്ലൂടൂത്ത് ഉപയോഗിക്കുമ്പോൾ ജാഗ്രത പാലിക്കുക, കാരണം ആരെങ്കിലും നിങ്ങളുടെ രഹസ്യ വിവരങ്ങൾ/ഡാറ്റ ആക്സസ് ചെയ്തേക്കാം.
- ബാങ്കിൽ നിന്നാണെന്ന് അവകാശപ്പെടുന്ന ഇമെയിലുകൾ/സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിൽ ഉൾപ്പെടുത്തിയ ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുത്.

## 25. റിസ്കുകളും കസ്റ്റമർ ഉത്തരവാദിത്തവും

- ഉപഭോക്താവ് നൽകിയതുപോലെ ഉപഭോക്താവിന്റെ മൊബൈൽ നമ്പറിലേക്കും/അല്ലെങ്കിൽ ഇമെയിൽ വിലാസത്തിലേക്കും ബാങ്ക് അലർട്ടുകളും അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളും ട്രാൻസ്മിറ്റ് ചെയ്യും. ബാങ്കിന് നൽകുന്ന മൊബൈൽ നമ്പറും ഇമെയിൽ വിലാസവും കൃത്യമാണെന്നും ബാങ്കിന്റെ റെക്കോർഡുകളിൽ അപ് ടു ഡേറ്റ് ആണെന്നും ഉറപ്പാക്കേണ്ടത് ഉപഭോക്താവിന്റെ ഉത്തരവാദിത്തമാണ്.
- ഉപഭോക്താവ് അവരുടെ ഡിവൈസിന്റെയും ഇമെയിൽ അക്കൗണ്ടിന്റെയും സുരക്ഷയ്ക്ക് പൂർണ്ണമായും ഉത്തരവാദിയാണ്. അത്തരം കോൺടാക്റ്റ് വിശദാംശങ്ങളുടെ കൃത്യതയോ സുരക്ഷയോ നിലനിർത്തുന്നതിൽ ഉപഭോക്താവിന്റെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും തരത്തിലുള്ള പരാജയം, അല്ലെങ്കിൽ ഏതെങ്കിലും മാറ്റങ്ങൾ ബാങ്കിനെ അറിയിക്കുന്നതിൽ പരാജയം സംഭവിക്കുന്നതിന്, പൂർണ്ണ ഉത്തരവാദിത്തം ഉപഭോക്താവിന് ആയിരിക്കും. പ്രസ്തുത സേവനം തുടർന്നും ലഭിക്കുന്നതിന് ഉപഭോക്താവ് അവരുടെ മൊബൈൽ ഫോണും ഇമെയിൽ ഐഡിയും ആക്ടീവായി തുടരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- മൊബൈൽ ഫോൺ വഴിയോ ഇമെയിൽ വഴിയോ വിവരങ്ങൾ കൈമാറുന്നത് സ്വാഭാവികമായും സുരക്ഷിതമല്ലെന്നും ചില അപകടസാധ്യതകൾക്ക് വിധേയമാണെന്നും ഉപഭോക്താവ് വ്യക്തമായി അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. അത്തരം അപകടസാധ്യതകൾ ഉണ്ടെങ്കിലും, സ്വന്തം സൗകര്യത്തിനായി അവയെ സൂക്ഷ്മമായി വിലയിരുത്തിയ ശേഷം, ഈ മാർഗങ്ങളിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങളോ ആശയവിനിമയങ്ങളോ അടിസ്ഥാനമാക്കി ബാങ്ക് നടപടി സ്വീകരിക്കാൻ ഉപഭോക്താവ് സ്വമേധയാ അഭ്യർത്ഥിക്കുകയും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.
- ആവശ്യമുള്ളിടത്തെല്ലാം സത്യവും പൂർണ്ണവും കൃത്യവുമായ വിവരങ്ങൾ നൽകുമെന്ന് ഉപഭോക്താവ് ഏൽക്കുന്നു, കൂടാതെ എല്ലായ്പ്പോഴും ബാങ്കിൽ സമർപ്പിക്കുന്ന ഡാറ്റയുടെ കൃത്യതയ്ക്ക് ഉപഭോക്താവ് പൂർണ്ണമായും ബാധ്യസ്ഥനായിരിക്കും. ഉപഭോക്താവ് നൽകിയ തെറ്റായ അല്ലെങ്കിൽ കൃത്യമല്ലാത്ത വിവരങ്ങൾ കാരണം ഉണ്ടാകുന്ന അനന്തരഫലങ്ങൾക്ക് ബാങ്ക് ഉത്തരവാദി ആയിരിക്കില്ല.
- ബാങ്ക് നൽകുന്ന വിവരങ്ങളിൽ പിശകുണ്ടെന്ന് ഉപഭോക്താവ് വിശ്വസിക്കുന്നുവെങ്കിൽ, ഉപഭോക്താവ് ഉടൻ തന്നെ ബാങ്കിനെ അറിയിക്കേണ്ടതാണ്. സാധ്യമെങ്കിൽ, ബാങ്ക് പരമാവധി ശ്രമിച്ച് പിശക് തിരുത്താൻ ശ്രമിക്കും.

- അലേർട്ടുകളോ ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങളോ സ്വീകരിക്കാൻ ആഗ്രഹിക്കുന്ന മൊബൈൽ നമ്പറിലോ ഇമെയിൽ വിലാസത്തിലോ എന്തെങ്കിലും മാറ്റം വന്നാൽ ഉടൻ തന്നെ ഉപഭോക്താവ് ബാങ്കിനെ അറിയിക്കണം.
- അക്കൗണ്ടുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും ബാധകമായ ബാങ്കിംഗ് രീതികളും ഉപഭോക്താവിന്റെ അക്കൗണ്ടുകളെയും അനുബന്ധ സേവനങ്ങളെയും നിയന്ത്രിക്കുന്ന നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും നിയമങ്ങളും അനുസരിച്ചായിരിക്കും. കൂടാതെ, ഫോൺ ബാങ്കിംഗ്, നെറ്റ് ബാങ്കിംഗ് സേവനങ്ങളുമായി ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും, പ്രസക്തമായ പരിധി വരെ, മൊബൈൽ ബാങ്കിംഗ്/അലേർട്ട് സൗകര്യത്തിനും ബാധകമായിരിക്കും.
- ബാങ്ക് മാത്രം നിർണ്ണയിക്കുന്ന യോഗ്യതയ്ക്ക് വിധേയമായി, ഉപഭോക്താക്കൾക്ക് മൊബൈൽ ബാങ്കിംഗ്/അലേർട്ട് സൗകര്യം ആക്സസ് ചെയ്യാൻ അഭ്യർത്ഥിക്കാം. ബാങ്ക് സമയാസമയങ്ങളിൽ നിർദ്ദേശിക്കുന്നതോ ലഭ്യമാക്കുന്നതോ ആയ രീതിയിൽ, ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് അലേർട്ടുകൾ സജ്ജമാക്കേണ്ടതെന്ന് ഉപഭോക്താവിന് തീരുമാനിക്കാം. ബാങ്കിന് സ്വന്തം വിവേചനാധികാരത്തിൽ, യാതൊരു കാരണവും കാണിക്കാതെ തന്നെ അത്തരം അപേക്ഷ നിരസിക്കാനുള്ള പൂർണ്ണ അവകാശം നിക്ഷിപ്തമാണ്.

## 26. അനുബന്ധം - ബൾക്ക് പേമെന്റ് സേവനങ്ങൾ (പേപ്രോ)

1. പേമെന്റ് പ്ലാറ്റ്ഫോം മൊഡ്യൂൾ എന്നത് ബാങ്ക് വാഗ്ദാനം ചെയ്യുന്ന ഒരു വെബ് അധിഷ്ഠിത പേമെന്റ് സേവനമാണ്, അതിലൂടെ ഉപഭോക്തൃ ക്ലയന്റുകൾക്ക് അവർ ബാങ്കിന് നൽകുന്ന ഡാറ്റയെ അടിസ്ഥാനമാക്കി ബാങ്കിലെ അവരുടെ ഉപഭോക്തൃ ക്ലയന്റ് അക്കൗണ്ടിൽ നിന്ന് അവർ നിർദ്ദേശിക്കുന്ന ഗുണഭോക്താക്കൾക്ക് പണം അയക്കാൻ ബാങ്കിനോട് അഭ്യർത്ഥിക്കാം.
2. ബാങ്ക് നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ആക്സിസ് ബാങ്കിന്റെ വിവിധ ഉൽപ്പന്നങ്ങളിൽ സിംഗിൾ അപ്ലോഡ് സൗകര്യത്തിനായി പേമെന്റ് പ്ലാറ്റ്ഫോം മോഡ്യൂളിന്റെ സേവനം പ്രയോജനപ്പെടുത്താൻ ഉപഭോക്താവ് ആഗ്രഹിക്കുന്നു. അതിനായി ബാങ്കിനെ സമീപിച്ചിരിക്കുന്നു. ഉപഭോക്താവിന്റെ അക്കൗണ്ടിലെ ക്ലിയർ ഫണ്ടുകളുടെ ലഭ്യതയ്ക്ക് വിധേയമായി ഉപഭോക്താക്കളുടെ ആവശ്യകതകൾക്കനുസരിച്ച് ഫണ്ട് ട്രാൻസ്ഫർ, ഐഎംപിഎസ്, എൻഇഎഫ്ടി, ആർടിജിഎസ്, ചെക്ക് പ്രിന്റിംഗ്, ഡിമാൻഡ് ഡ്രാഫ്റ്റ് പ്രിന്റിംഗ്, ക്യാഷ് ഡെലിവറി കറക്ഷൻ ചെക്ക്, കറക്ഷൻ ഡിഡി എന്നിവ പോലുള്ള സേവനങ്ങൾ നൽകാൻ ബാങ്ക് സമ്മതിച്ചിട്ടുണ്ട്.
3. പേമെന്റ് പ്ലാറ്റ്ഫോം സോഫ്റ്റ്വെയർ ബാങ്കിനെ ഫണ്ട് ട്രാൻസ്ഫർ, ഐഎംപിഎസ്, എൻഇഎഫ്ടി, ആർടിജിഎസ്, ചെക്ക് പ്രിന്റിംഗ്, ഡിമാൻഡ് ഡ്രാഫ്റ്റ് പ്രിന്റിംഗ്, കറക്ഷൻ ചെക്ക്, കറക്ഷൻ ഡിഡി, ക്യാഷ് ഡെലിവറി ഫയലുകൾ, സോഫ്റ്റ്വെയർ വഴി ഓഫർ

ചെയ്യുന്ന മറ്റ് സേവനങ്ങൾ എന്നിവ പ്രോസസ് ചെയ്യാൻ ബാങ്കിനെ പ്രാപ്തമാക്കണം, അതിന് ശേഷം ഉപഭോക്താവ് ഇന്റർനെറ്റ് വഴി ഫയലുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

4. ഉപഭോക്താവ് പിന്തുടരേണ്ട അപ്‌ലോഡ് പ്രോസസ്സിനുള്ള വിശദമായ പ്രോസസ് ഫ്ലോ താഴെ നൽകിയിരിക്കുന്നു. പ്രസ്തുത പ്രക്രിയയിൽ നിന്നുള്ള ഒരു വ്യതിയാനവും അനുവദിക്കില്ല.
5. പ്രോസസ് ഫ്ലോ അനുസരിച്ച് ഉപഭോക്താവ് അപ്‌ലോഡ് ചെയ്യുന്ന വിശദാംശങ്ങളെ അടിസ്ഥാനമാക്കി മാത്രം ചെക്ക്/ഡിഡി പ്രിന്റ് ചെയ്യാനും കൂടാതെ/അല്ലെങ്കിൽ ആർടിജിഎസ്/എൻഇഎഫ്ടി/ഫണ്ട് ട്രാൻസ്ഫർ/ഐഎംപിഎസ് ട്രാൻസാക്ഷനുകൾ നടപ്പിലാക്കാനും ഉപഭോക്താവ് ഇതിനാൽ ബാങ്കിന് അധികാരം നൽകുന്നു. ഇന്റർനെറ്റിനാലോ മറ്റ് ഐടി സംവിധാനങ്ങളാലോ ഉണ്ടാകുന്ന കാലതാമസങ്ങൾക്കും പിഴവുകൾക്കും ബാങ്ക് ഉത്തരവാദിയല്ലെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. ബാങ്കിന്റെ ഗുരുതരമോ മനഃപൂർവമോ ആയ അശ്രദ്ധ മൂലമല്ലെങ്കിൽ മാത്രമാണ് ഇത് ബാധകമാകുന്നത്.
6. ചെക്ക് പ്രിന്റിംഗിനായുള്ള ഉപഭോക്താവിന്റെ അഭ്യർത്ഥനകളുമായി ബന്ധപ്പെട്ട്, നിർദ്ദിഷ്ട അക്കൗണ്ടിന്റെ പേരിൽ ബാങ്ക് തന്നെ പ്രിന്റ് ചെയ്ത ചെക്കുകൾ മാത്രമേ ബാങ്ക് അംഗീകരിക്കുകയുള്ളുവെന്ന് ഉപഭോക്താവ് സമ്മതിക്കുകയും ഉറപ്പുനൽകുകയും ചെയ്യുന്നു. ഉപഭോക്താവ് ബാങ്കിന് ഫാക്സിമൈൽ  സിഗ്നേച്ചറിന്റെ മാതൃത സമർപ്പിച്ചിട്ടുണ്ടെങ്കിൽ, ഉപഭോക്താവിൽ നിന്ന് ലഭിച്ച ഫാക്സിമൈൽ സിഗ്നേച്ചറിന്റെയും ഉപഭോക്താവ് ബാങ്കിന് സമർപ്പിച്ച ബോർഡ് റെസല്യൂഷന്റെയും അടിസ്ഥാനത്തിൽ ബാങ്ക് ഇൻസ്ട്രമെന്റുകൾ അംഗീകരിക്കുമെന്ന് കക്ഷികൾ തമ്മിൽ സമ്മതിക്കുന്നു. ഫാക്സിമൈൽ സിഗ്നേച്ചർ അടിസ്ഥാനമാക്കി ബാങ്ക്  ഇൻസ്ട്രുമെന്റുകൾ അംഗീകരിക്കുന്നത് ഉപഭോക്താവിന്റെ മാത്രം റിസ്കിലും ഉത്തരവാദിത്തത്തിലും ആയിരിക്കും. ശാഖകളിൽ സമർപ്പിക്കുന്ന ഈ കരാറിന് കീഴിൽ ഉൾപ്പെടുന്നവയ്ക്ക് പുറമേയുള്ള എല്ലാ ചെക്കുകളും അംഗീകരിക്കാതെ തിരികെ നൽകുമെന്നും അത്തരം ഇൻസ്ട്രമെന്റുകൾ തിരികെ നൽകുന്നതിന് ബാങ്ക് ഒരു തരത്തിലും ഉത്തരവാദിയോ ബാധ്യസ്ഥനോ ആയിരിക്കില്ലെന്നും ഉപഭോക്താവ് സമ്മതിക്കുന്നു. ചെക്ക്, ഡിഡി, കറക്ഷൻ ചെക്ക്, കറക്ഷൻ ഡിഡി എന്നിവ ബാങ്ക് പ്രിന്റ്ചെയ്തുകഴിഞ്ഞാൽ, അവ ഉപഭോക്താവിന് നേരിട്ട് കൈമാറുകയോ കൊറിയർ സർവ്വീസ് വഴി അല്ലെങ്കിൽ പോസ്റ്റ് വഴി അയക്കുകയോ ചെയ്യുമെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. അത്തരം അയക്കൽ ഉപഭോക്താവിന്റെ പൂർണ്ണമായ റിസ്കിലും ഉത്തരവാദിത്തത്തിലും ആയിരിക്കുമെന്ന് വ്യക്തമായി സമ്മതിക്കുന്നു, കൂടാതെ ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രസ്തുത

കൊറിയർ സർവ്വീസിനെ/പോസ്റ്റിനെ ഉപഭോക്താവിന്റെ ഏജന്റായി കണക്കാക്കും.

7. ഒരു അംഗീകൃത വ്യക്തി ഡാറ്റ അപ്‌ലോഡ് ചെയ്യുമെന്ന് ഉപഭോക്താവ് ഉറപ്പുനൽകുന്നു, ഈ ഓതറൈസേഷന്റെ തെളിവായി ബോർഡ് റെസല്യൂഷന്റെ ഒരു പകർപ്പ് ഉപഭോക്താവ് ബാങ്കിന് നൽകണം. കൂടാതെ ഓതറൈസ് ചെയ്യുന്ന വ്യക്തികളുടെ ഒപ്പുകൾ ബാങ്കിൽ തുറന്നിരിക്കുന്ന അക്കൗണ്ടുകളിൽ അപ്‌ഡേറ്റ് ചെയ്യുന്നതായിരിക്കും.
8. ഈ നിബന്ധനകളിലും വ്യവസ്ഥകളിലും ഉള്ള യാതൊന്നും ബാങ്കിനെതിരെ ഏതെങ്കിലും തരത്തിലുള്ള ഉത്തരവാദിത്തമോ ബാധ്യതകളോ ചുമത്തുന്നതായി കണക്കാക്കില്ല. മേൽപ്പറഞ്ഞ പ്രകാരം ഫണ്ടുകൾ അയക്കുന്നതിനുള്ള ഉത്തരവാദിത്തം ഒഴികെ ഉപഭോക്താവും കൂടാതെ/അല്ലെങ്കിൽ ഗുണഭോക്താവും തമ്മിലുള്ള ഏതെങ്കിലും കരാറിന്റെയോ ക്രമീകരണത്തിന്റെയോ ധാരണയുടെയോ വ്യവസ്ഥകൾ ബാങ്കിനെ ബാധിക്കുന്നതല്ല.
9. മേൽപ്പറഞ്ഞ സൈറ്റിൽ ബാങ്കിന് ലഭിക്കുന്ന അഭ്യർത്ഥനകളുടെ ആധികാരികത കൂടാതെ/അല്ലെങ്കിൽ സാധുത കൂടാതെ/അല്ലെങ്കിൽ അംഗീകാരം എന്നിവയിലേക്ക് കടക്കാതെ പേമെന്റ് പ്ലാറ്റ്ഫോം മൊഡ്യൂളിൽ മേൽപ്പറഞ്ഞ അഭ്യർത്ഥനകളിൽ നടപടിയെടുക്കാൻ ബാങ്കിന് അവകാശമുണ്ട്, അത്തരം അഭ്യർത്ഥനകൾ ഉപഭോക്താവ് ആധികാരികവും സാധുതയുള്ളതും കൃത്യമായ അംഗീകാരം ഉള്ളതുമായി കണക്കാക്കും. പേമെന്റ് പ്ലാറ്റ്ഫോം മോഡ്യൂൾ വഴി ഉപഭോക്താവ് ബാങ്കിന് നൽകുന്ന മേൽപ്പറഞ്ഞ അഭ്യർത്ഥനകൾക്ക് ഉപഭോക്താവ് നിരുപാധികമായി ബാധ്യസ്ഥനായിരിക്കുമെന്നും ഉപഭോക്താവ് മേൽപ്പറഞ്ഞ സൈറ്റിലേക്ക് അയച്ചതായി തോന്നുന്ന അത്തരം അഭ്യർത്ഥനകളുടെ ആധികാരികത, സാധുത അല്ലെങ്കിൽ അംഗീകാരത്തെക്കുറിച്ച് തർക്കം ഉന്നയിക്കാൻ ഉപഭോക്താവിന് അർഹതയില്ല എന്നും ഉപഭോക്താവ് ഇതിനാൽ സമ്മതിക്കുന്നു.
10. ബാങ്ക് നിർണ്ണയിക്കുന്ന പ്രത്യേക ആവശ്യങ്ങൾക്കായി ഉപഭോക്താവ് തനിക്ക് ലഭിച്ച വെബ് സൗകര്യം ഉപയോഗിക്കുമെന്ന് ഉറപ്പുനൽകുന്നു.
11. ഉപഭോക്താവിന് താൻ നടത്തിയ ട്രാൻസാക്ഷനുകളുടെ വിശദാംശങ്ങൾ ലഭിക്കും, അപ്‌ലോഡ് ചെയ്ത ഡാറ്റയുമായി ചെക്ക് ലിസ്റ്റ് ക്രോസ് ചെയ്യേണ്ടത് ഉപഭോക്താവിന്റെ ബാധ്യതയായിരിക്കും.
12. ഓൺലൈൻ പാസ്സ്‌വേർഡ് ജനറേഷനും റീസെറ്റ് സൗകര്യവും ലഭ്യമാക്കിയാൽ (ബൾക്ക് അപ്‌ലോഡ് സൗകര്യം പ്രയോജനപ്പെടുത്തുന്ന ഉപഭോക്താക്കൾക്ക് മാത്രം), പാസ്‌വേഡുകൾ അയക്കാൻ നൽകിയ ഈ വിവരങ്ങൾ ബാങ്ക് രജിസ്റ്റർ ചെയ്യുമെന്ന് അംഗീകരിക്കുന്നു. മൊബൈൽ നമ്പർ അല്ലെങ്കിൽ ഇമെയിൽ ഐഡി അല്ലെങ്കിൽ ഏതെങ്കിലും

യൂസറിന്റെ ടോക്കണിൽ എന്തെങ്കിലും മാറ്റം സംഭവിക്കുമ്പോൾ അംഗീകൃത സിഗ്നിറ്ററി ഒപ്പിട്ട ലെറ്റർ ഹെഡിൽ ബാങ്കിനെ അറിയിക്കണം. അവരുടെ രജിസ്റ്റർ ചെയ്ത വിവരങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉപഭോക്താവ് ബാങ്കിനെ അറിയിക്കുന്നതിൽ കാലതാമസം വരുത്തുകയോ പരാജയപ്പെടുകയോ ചെയ്താൽ, അതുമൂലം ഉണ്ടാവുന്ന ഏതൊരു നടപടിക്കും ഉപഭോക്താവ് ഉത്തരവാദിയായിരിക്കും, കൂടാതെ ബാങ്കിനെ ഏതെങ്കിലും തരത്തിലുള്ള നഷ്ടത്തിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യും.

<u>ഉപഭോക്താവിന്റെ ഭാഗത്ത് നിന്ന് ഫയലുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള പ്രോസസ്.</u>

1. മുൻകൂട്ടി നിർവചിച്ചതും പരസ്പരം സമ്മതിച്ചതുമായ ഫോർമാറ്റിൽ പേമെന്റ് പ്ലാറ്റ്ഫോം മോഡ്യൂളിൽ ക്ലയന്റ് നേരിട്ട് ഡാറ്റ അപ്‌ലോഡ് ചെയ്യുന്നതാണ്. ഓരോ കോർപ്പറേറ്റിനും ഒന്നിൽ കൂടുതൽ ഉൽപ്പന്നങ്ങൾ അസൈൻ ചെയ്തിരിക്കാം. ക്ലയന്റിന് താൽപ്പര്യമുണ്ടെങ്കിൽ, വ്യത്യസ്ത ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള ഡാറ്റ ഒരൊറ്റ ഫയലിലൂടെ അപ്‌ലോഡ് ചെയ്യാൻ കഴിയും.
2. ഡാറ്റ അപ്‌ലോഡ് ചെയ്യുന്നതിനായി പേമെന്റ് പ്ലാറ്റ്ഫോമിന്റെ വെബ് ഇന്റർഫേസിൽ ലോഗിൻ ചെയ്ത് കോർപ്പറേറ്റുകൾക്ക് ഇന്റർനെറ്റ് വഴി എവിടെ നിന്നും ഡാറ്റ അപ്‌ലോഡ് ചെയ്യാം. പേമെന്റ് പ്ലാറ്റ്ഫോം ആക്സസ് ചെയ്യുന്നതിനുള്ള ലോഗിൻ ഐഡിയും പാസ്‌വേഡും കോർപ്പറേറ്റ് നൽകുന്നതാണ്.
3. കോർപ്പറേറ്റ് ഉപയോക്താക്കളെ നിർവചിക്കാനും മാസ്റ്റർ സംബന്ധമായ പ്രവർത്തനങ്ങൾ നടത്താനും ആക്സിസ് ബാങ്ക് അഡ്മിനിന് അവകാശങ്ങൾ ഉണ്ടായിരിക്കും. ആവശ്യാനുസരണം, ആവശ്യമായ അധികാരങ്ങൾ ബാങ്കിൽ നിന്ന് ലഭിക്കുകയും ആവശ്യമായ രേഖകൾ ബാങ്കിൽ സമർപ്പിക്കുകയും ചെയ്താൽ, അതേ പ്രവർത്തനങ്ങൾ സ്വതന്ത്രമായി നടത്തുന്നതിനുള്ള അവകാശങ്ങൾ കോർപ്പറേറ്റുകൾക്ക് നൽകാവുന്നതാണ്.
4. ഡാറ്റ അപ്‌ലോഡിനും ഡാറ്റയുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള അംഗീകാരത്തിനും ഒരു മേക്കർ ചെക്കർ കൺസെപ്റ്റ് ഉണ്ടായിരിക്കും.
5. നിർദ്ദിഷ്ട ഓതറൈസേഷൻ മാട്രിക്സ് പ്രകാരം കോർപ്പറേറ്റിന് ഫയൽ/കൾ അംഗീകരിക്കാൻ/നിരസിക്കാൻ കഴിയും. തിരഞ്ഞെടുത്ത ഫയൽ അപ്‌ലോഡ് ചെയ്യാൻ ലോഗിൻ ചെയ്ത യൂസറിന് അർഹതയുണ്ടോ എന്ന് പരിശോധിക്കാൻ ഓതറൈസേഷൻ സഹായിക്കുന്നു.
6. അടിസ്ഥാന മൂല്യനിർണ്ണയങ്ങൾ നടത്തപ്പെടും. താഴെപ്പറയുന്ന പോയിന്റുകൾ പരിശോധിക്കും:

   a) ഒരേ ഫയൽ നെയിം ഒന്നിൽ കൂടുതൽ തവണ അപ്‌ലോഡ് ചെയ്യാൻ

അനുവദിക്കരുത്.

b) ഓരോ ട്രാൻസാക്ഷനും ഒരു സവിശേഷ നമ്പർ ക്ലയന്റ് നൽകുന്ന സാഹചര്യത്തിൽ ഒരേ ട്രാൻസാക്ഷൻ ഒന്നിൽ കൂടുതൽ തവണ അപ്‌ലോഡ് ചെയ്യാൻ അനുവദിക്കരുത്.

c) കോർപ്പറേറ്റ് ഐഡി, കോർപ്പറേറ്റ് ഫോർമാറ്റ്, പ്രോഡക്ട് ഐഡി എന്നിവയുടെ വാലിഡേഷൻ.

d) പേമെന്റ് നടത്തുന്നതിന് ആവശ്യമായ മാൻഡേറ്ററി ഫീൽഡുകൾ അപ്‌ലോഡ് ചെയ്ത ഫയലിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുക.

e) ഡാറ്റ ഫയലിലെ ഓരോ ഫീൽഡും സെൻട്രൽ ഡാറ്റാബേസ് ഫോർമാറ്റിൽ നൽകിയിരിക്കുന്ന ഫീൽഡ് തരവും ഫീൽഡ് ദൈർഘ്യവും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.

7. വിവിധ കാരണങ്ങളാൽ ഏതെങ്കിലും ഫയൽ നിരസിക്കപ്പെട്ടാൽ, നിരസിക്കാനുള്ള കാരണങ്ങൾ സിസ്റ്റം ഫ്രണ്ട് എൻഡിൽ പ്രദർശിപ്പിക്കും, ക്ലയന്റിന് അവ തിരുത്തുകയും പരിഷ്കരിച്ച ഡാറ്റ വീണ്ടും അപ്‌ലോഡ് ചെയ്യുകയും ചെയ്യാം.

8. അപ്‌ലോഡ് ചെയ്ത കോർപ്പറേറ്റ് ഡാറ്റയിൽ കോർപ്പറേറ്റ് അക്കൗണ്ട് നമ്പർ ഉൾപ്പെടും. അപ്‌ലോഡ് ചെയ്ത കോർപ്പറേറ്റ് ഡാറ്റയിൽ അക്കൗണ്ട് നമ്പർ ഇല്ലെങ്കിൽ, കോർപ്പറേറ്റ് മാസ്റ്റർ ടേബിളിൽ നിന്ന് എടുക്കുന്ന ഡിഫോൾട്ട് മൂല്യം ഉപയോഗിക്കും.

9. അനുമതി ലഭിച്ച ഫയലുകൾ ബാങ്ക് പ്രോസസ് ചെയ്യും. അതായത്, പേമെന്റ് ഫയലിൽ നൽകിയിരിക്കുന്ന ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ അടിസ്ഥാനമാക്കി ഡയറക്ട് ക്രെഡിറ്റ് ഇടപാടുകൾ തടസ്സമില്ലാതെ നടത്തപ്പെടും. കൂടാതെ, ബന്ധപ്പെട്ട പേമെന്റ് മോഡുകളുടെ കട്ട്-ഓഫ് സമയത്തിന് മുമ്പ് കോർപ്പറേറ്റ് അനുമതി നൽകിയാൽ ആർടിജിഎസ്/ എൻഇഎഫ്ടി/ ഐഎംപിഎസ്/ ക്യാഷ് ഡെലിവറി ഇടപാടുകളും തടസ്സമില്ലാതെ നിർവഹിക്കും.

10. കരാർ അനുസരിച്ച്, ഉപഭോക്തൃ ചെക്കുകൾ/ഡിമാൻഡ് ഡ്രാഫ്റ്റ്/ കറസ്പോണ്ടന്റ് ഡിഡി സംബന്ധിച്ചുള്ള ഡാറ്റ ബാങ്കിന്റെ വിദൂര ശാഖകളിലോ ഉപഭോക്താക്കൾ വഴിയോ പ്രിന്റ് ചെയ്യേണ്ടതാണ്. ബാങ്കിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ പ്രസ്തുത നെറ്റ്‌വർക്കിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും തകരാർ കൂടാതെ/അല്ലെങ്കിൽ ബ്രേക്ക്-ഡൗൺ ഉണ്ടായാൽ, അത്തരം ബ്രേക്ക്-ഡൗൺ ഉണ്ടാകുന്ന സമയത്ത് എനിക്ക്/ഞങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും സൗകര്യങ്ങളും നിർത്തിവയ്ക്കുന്നതാണ്, അത്തരം സസ്പെൻഷനിൽ നിന്ന് ഉണ്ടാകുന്ന ഏതെങ്കിലും തകരാറുകൾ/നഷ്ടപരിഹാരം കൂടാതെ/അല്ലെങ്കിൽ മറ്റേതെങ്കിലും അനന്തരഫലങ്ങൾക്ക് ബാങ്ക് ഒരു തരത്തിലും എനിക്ക്/ഞങ്ങൾക്ക് ബാധ്യസ്ഥരായിരിക്കില്ല കൂടാതെ/അല്ലെങ്കിൽ ഉത്തരവാദി ആയിരിക്കില്ല.

## 27. അനുബന്ധം - ഹോസ്റ്റ് ടു ഹോസ്റ്റ് പേമെന്റുകൾ

1. പേമെന്റ് പ്ലാറ്റ്ഫോം മൊഡ്യൂൾ എന്നത് ബാങ്ക് വാഗ്ദാനം ചെയ്യുന്ന ഒരു വെബ് അധിഷ്ഠിത പേമെന്റ് സേവനമാണ്, അതിലൂടെ ഉപഭോക്തൃ ക്ലയന്റുകൾക്ക് അവർ ബാങ്കിന് നൽകുന്ന ഡാറ്റയെ അടിസ്ഥാനമാക്കി ബാങ്കിലെ അവരുടെ ഉപഭോക്തൃ ക്ലയന്റ് അക്കൗണ്ടിൽ നിന്ന് അവർ നിർദ്ദേശിക്കുന്ന ഗുണഭോക്താക്കൾക്ക് പണം അയക്കാൻ ബാങ്കിനോട് അഭ്യർത്ഥിക്കാം.
2. ബാങ്ക് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ആക്സിസ് ബാങ്കിന്റെ വിവിധ ഉൽപ്പന്നങ്ങളിൽ ഹോസ്റ്റ് ടു ഹോസ്റ്റ് സേവനത്തിനായി പേമെന്റ് പ്ലാറ്റ്ഫോം മോഡ്യൂളിന്റെ സേവനം പ്രയോജനപ്പെടുത്താൻ ഉപഭോക്താവ് ആഗ്രഹിക്കുന്നു, അതിനായി ബാങ്കിനെ സമീപിച്ചിട്ടുണ്ട്. ഫണ്ട് ട്രാൻസ്ഫർ, ഐഎംപിഎസ്, എൻഇഎഫ്ടി, ആർടിജിഎസ്, ശമ്പളം, സ്റ്റേഷനറി പേമെന്റുകൾ തുടങ്ങിയ സേവനങ്ങൾ നൽകാൻ ബാങ്ക് സമ്മതിച്ചു.
3. പേമെന്റ് പ്ലാറ്റ്ഫോം മൊഡ്യൂളിന് കീഴിലുള്ള ഉപഭോക്താക്കളുടെ ചെക്ക് പ്രിന്റിംഗ്, ഡിമാൻഡ് ഡ്രാഫ്റ്റ് പ്രിന്റിംഗ്, കറസ്പോണ്ടന്റ് ചെക്ക്, കറസ്പോണ്ടന്റ് ഡിഡി എന്നിവ ഉപഭോക്താവിന്റെ ആവശ്യങ്ങൾക്കനുസൃതമായി, ഉപഭോക്താവിന്റെ അക്കൗണ്ടിലെ ക്ലിയർ ഫണ്ടുകളുടെ ലഭ്യതയ്ക്ക് വിധേയമായി നടപ്പിലാക്കും.
4. പേമെന്റ് പ്ലാറ്റ്ഫോം സോഫ്റ്റ്വെയർ ബാങ്കിനെ ഫണ്ട് ട്രാൻസ്ഫർ, ഐഎംപിഎസ്, എൻഇഎഫ്ടി, ആർടിജിഎസ്, ചെക്ക് പ്രിന്റിംഗ്, ഡിമാൻഡ് ഡ്രാഫ്റ്റ് പ്രിന്റിംഗ്, കറസ്പോണ്ടന്റ് ചെക്ക്, കറസ്പോണ്ടന്റ് ഡിഡി, ഫയലുകൾ, സോഫ്റ്റ്വെയർ വഴി ഓഫർ ചെയ്യുന്ന മറ്റ് സേവനങ്ങൾ എന്നിവ പ്രോസസ് ചെയ്യാൻ പ്രാപ്തമാക്കും, അതിന് ശേഷം ഉപഭോക്താവ് ഇന്റർനെറ്റ് വഴി ഫയലുകൾ അപ്ലോഡ് ചെയ്യും.
5. ഉപഭോക്താവ് പിന്തുടരേണ്ട അപ്ലോഡ് പ്രോസസ്സിനുള്ള വിശദമായ പ്രോസസ് ഫ്ലോ താഴെ നൽകിയിരിക്കുന്നു. പ്രസ്തുത പ്രക്രിയയിൽ നിന്നുള്ള ഒരു വ്യതിയാനവും അനുവദിക്കില്ല.

<u>ഹോസ്റ്റ് ടു ഹോസ്റ്റ് പ്രോസസ് ഫ്ലോ:</u>

I. ആക്സിസ് ബാങ്കുമായി അംഗീകരിച്ച ഫോർമാറ്റ് പ്രകാരം കസ്റ്റമർ ഇആർപി/സോഫ്റ്റ്വെയർ പേമെന്റ് ട്രാൻസാക്ഷനുകൾ സൃഷ്ടിക്കും.
II. അംഗീകൃത ഹോസ്റ്റ് ടു ഹോസ്റ്റ് (എച്ച്2എച്ച്) ഇന്റഗ്രേഷൻ പ്രോസസ് പ്രകാരം എൻക്രിപ്റ്റ് ചെയ്ത പ്രോസസ് വഴി പേമെന്റ് ട്രാൻസാക്ഷനുകൾ ആക്സിസ് ബാങ്കിലേക്ക് അയക്കുന്നതാണ്.
III. സാധുതയുള്ള പേമെന്റ് അഭ്യർത്ഥനകൾ ഉപഭോക്താവിന്റെ അംഗീകാരത്തിനായി ആക്സിസ് ബാങ്ക് പോർട്ടലിൽ ലഭ്യമാകും.

IV. ട്രാൻസാക്ഷൻ വിശദാംശങ്ങൾ അനുസരിച്ച് അംഗീകരിച്ച പേമെന്റ് ട്രാൻസാക്ഷനുകൾ ബാങ്കിന്റെ ഭാഗത്ത് നിന്ന് ഫണ്ട് ട്രാൻസ്ഫർ ആയി അല്ലെങ്കിൽ ആർബിഐ/എൻപിസിഐ വഴി പ്രോസസ് ചെയ്യപ്പെടും.

V. എച്ച്2എച്ച് ഇന്റഗ്രേഷൻ വഴി, ട്രാൻസാക്ഷനുകളുടെ സ്റ്റാറ്റസ് / എംഐഎസ്/ റിപ്പോർട്ടുകൾ കസ്റ്റമർ ഇആർപി/ സോഫ്റ്റ്‌വെയറിലേക്ക് ഓട്ടോമാറ്റിക്കായി ലഭ്യമാക്കുന്നതായിരിക്കും.

6. പ്രോസസ് ഫ്ലോ അനുസരിച്ച് കസ്റ്റമർ അപ്‌ലോഡ് ചെയ്ത വിശദാംശങ്ങളെ അടിസ്ഥാനമാക്കി മാത്രം ചെക്ക്/ഡിഡി പ്രിന്റ്ചെയ്യാനും കൂടാതെ/അല്ലെങ്കിൽ ആർടിജിഎസ്/എൻഇഎഫ്ടി/ഫണ്ട് ട്രാൻസ്ഫർ ട്രാൻസാക്ഷനുകൾ നടപ്പിലാക്കാനും കസ്റ്റമർ ഇതിനാൽ ബാങ്കിന് അധികാരം നൽകുന്നു. ഇന്റർനെറ്റിനാലോ മറ്റ് ഐടി സംവിധാനങ്ങളാലോ ഉണ്ടാകുന്ന കാലതാമസങ്ങൾക്കും പിഴവുകൾക്കും ബാങ്ക് ഉത്തരവാദിയല്ലെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. ബാങ്കിന്റെ ഗുരുതരമോ മനഃപൂർവമോ ആയ അശ്രദ്ധ മൂലമല്ലെങ്കിൽ മാത്രമാണ് ഇത് ബാധകമാകുന്നത്.

7. ചെക്ക് പ്രിന്റിംഗിനായുള്ള ഉപഭോക്താവിന്റെ അഭ്യർത്ഥനകളുമായി ബന്ധപ്പെട്ട്, നിർദ്ദിഷ്ട അക്കൗണ്ടിന്റെ പേരിൽ ബാങ്ക് തന്നെ പ്രിന്റ്ചെയ്ത ചെക്കുകൾ മാത്രമേ ബാങ്ക് അംഗീകരിക്കുകയുള്ളുവെന്ന് ഉപഭോക്താവ് സമ്മതിക്കുകയും ഉറപ്പുനൽകുകയും ചെയ്യുന്നു. ഉപഭോക്താവ് ബാങ്കിന് ഫാക്സിമൈൽ  സിഗ്നേച്ചറിന്റെ മാതൃക സമർപ്പിച്ചിട്ടുണ്ടെങ്കിൽ, ഉപഭോക്താവിൽ നിന്ന് ലഭിച്ച ഫാക്സിമൈൽ സിഗ്നേച്ചറിന്റെയും ഉപഭോക്താവ് ബാങ്കിന് സമർപ്പിച്ച ബോർഡ് റെസല്യൂഷന്റെയും അടിസ്ഥാനത്തിൽ ബാങ്ക് ഇൻസ്ട്രമെന്റുകൾ അംഗീകരിക്കുമെന്ന് കക്ഷികൾ തമ്മിൽ സമ്മതിക്കുന്നു. ഫാക്സിമൈൽ സിഗ്നേച്ചർ അടിസ്ഥാനമാക്കി ബാങ്ക്  ഇൻസ്ട്രുമെന്റുകൾ അംഗീകരിക്കുന്നത് ഉപഭോക്താവിന്റെ മാത്രം റിസ്കിലും ഉത്തരവാദിത്തത്തിലും ആയിരിക്കും. ശാഖകളിൽ സമർപ്പിക്കുന്ന ഈ കരാറിന് കീഴിൽ ഉൾപ്പെടുന്നവയ്ക്ക് പുറമേയുള്ള എല്ലാ ചെക്കുകളും അംഗീകരിക്കാതെ തിരികെ നൽകുമെന്നും അത്തരം ഇൻസ്ട്രമെന്റുകൾ തിരികെ നൽകുന്നതിന് ബാങ്ക് ഒരു തരത്തിലും ഉത്തരവാദിയോ ബാധ്യസ്ഥനോ ആയിരിക്കില്ലെന്നും ഉപഭോക്താവ് സമ്മതിക്കുന്നു. ചെക്ക്, ഡിഡി, കറക്ഷൻ ചെക്ക്, കറക്ഷൻ ഡിഡി എന്നിവ ബാങ്ക് പ്രിന്റ് ചെയ്തുകഴിഞ്ഞാൽ, അവ ഉപഭോക്താവിന് നേരിട്ട് കൈമാറുകയോ കൊറിയർ സർവ്വീസ് വഴി അല്ലെങ്കിൽ പോസ്റ്റ് വഴി അയക്കുകയോ ചെയ്യുമെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. അത്തരം അയക്കൽ ഉപഭോക്താവിന്റെ പൂർണ്ണമായ റിസ്കിലും ഉത്തരവാദിത്തത്തിലും ആയിരിക്കുമെന്ന് വ്യക്തമായി സമ്മതിക്കുന്നു, കൂടാതെ ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രസ്തുത കൊറിയർ സർവ്വീസിനെ/പോസ്റ്റിനെ ഉപഭോക്താവിന്റെ ഏജന്റായി കണക്കാക്കും.

8. ഒരു അംഗീകൃത വ്യക്തി ഡാറ്റ അപ്‌ലോഡ് ചെയ്യുമെന്ന് ഉപഭോക്താവ് ഉറപ്പുനൽകുന്നു, ഈ ഓതറൈസേഷന്റെ തെളിവായി ബോർഡ് റെസല്യൂഷന്റെ ഒരു പകർപ്പ് ഉപഭോക്താവ് ബാങ്കിന് നൽകണം. കൂടാതെ ഓതറൈസ് ചെയ്യുന്ന വ്യക്തികളുടെ ഒപ്പുകൾ ബാങ്കിൽ തുറന്നിരിക്കുന്ന അക്കൗണ്ടുകളിൽ അപ്ഡേറ്റ് ചെയ്യുന്നതായിരിക്കും.
9. ഈ നിബന്ധനകളിലും വ്യവസ്ഥകളിലും ഉള്ള യാതൊന്നും ബാങ്കിനെതിരെ ഏതെങ്കിലും തരത്തിലുള്ള ഉത്തരവാദിത്തമോ ബാധ്യതകളോ ചുമത്തുന്നതായി കണക്കാക്കില്ല. മേൽപ്പറഞ്ഞ പ്രകാരം ഫണ്ടുകൾ അയക്കുന്നതിനുള്ള ഉത്തരവാദിത്തം ഒഴികെ ഉപഭോക്താവും കൂടാതെ/അല്ലെങ്കിൽ ഗുണഭോക്താവും തമ്മിലുള്ള ഏതെങ്കിലും കരാറിന്റെയോ ക്രമീകരണത്തിന്റെയോ ധാരണയുടെയോ വ്യവസ്ഥകൾ ബാങ്കിനെ ബാധിക്കുന്നതല്ല.
10. മേൽപ്പറഞ്ഞ പേമെന്റ് പ്ലാറ്റ്‌ഫോം മൊഡ്യൂളിൽ ബാങ്കിന് ലഭിക്കുന്ന അഭ്യർത്ഥനകളുടെ ആധികാരികത കൂടാതെ/അല്ലെങ്കിൽ സാധുത കൂടാതെ/അല്ലെങ്കിൽ അംഗീകാരം എന്നിവയിലേക്ക് കടക്കാതെ മേൽപ്പറഞ്ഞ അഭ്യർത്ഥനകളിൽ നടപടിയെടുക്കാൻ ബാങ്കിന് അവകാശമുണ്ട്, അത്തരം അഭ്യർത്ഥനകൾ ഉപഭോക്താവ് ആധികാരികവും സാധുതയുള്ളതും കൃത്യമായ അംഗീകാരം ഉള്ളതുമായി കണക്കാക്കും. ഹോസ്റ്റ് ടു ഹോസ്റ്റ് സർവ്വീസ് വഴി ഉപഭോക്താവ് ബാങ്കിന് നൽകിയ മേൽപ്പറഞ്ഞ അഭ്യർത്ഥനകൾക്ക് ഉപഭോക്താവ് നിരുപാധികമായി ബാധ്യസ്ഥനായിരിക്കുമെന്നും ഉപഭോക്താവ് അയച്ചതായി തോന്നുന്ന അത്തരം അഭ്യർത്ഥനകളുടെ ആധികാരികത, സാധുത അല്ലെങ്കിൽ അംഗീകാരം എന്നിവയെക്കുറിച്ച് തർക്കം ഉന്നയിക്കുന്നതിന് ഉപഭോക്താവിന് അർഹതയില്ല എന്നും ഉപഭോക്താവ് ഇതിനാൽ സമ്മതിക്കുന്നു.
11. ഹോസ്റ്റ് ടു ഹോസ്റ്റ് സർവ്വീസ് ഉൾപ്പെടെയുള്ള വെബ് സൗകര്യം ബാങ്ക് നിർണ്ണയിക്കുന്ന പ്രത്യേക ആവശ്യത്തിനായി ഉപയോഗിക്കുമെന്ന് ഉപഭോക്താവ് ഉറപ്പ് നൽകുന്നു.
12. റിവേഴ്സ് ഫീഡ് വഴിയോ മറ്റോ നടത്തിയ ഇടപാടുകളുടെ വിശദാംശങ്ങൾ ഉപഭോക്താവിന് ലഭിക്കും, കൂടാതെ ട്രാൻസാക്ഷൻ ഡാറ്റ ഉപയോഗിച്ച് പട്ടിക ക്രോസ് ചെക്ക് ചെയ്യേണ്ടത് ഉപഭോക്താവിന്റെ ബാധ്യതയായിരിക്കും.
13. ഓൺലൈൻ പാസ്സ്‌വേർഡ് ജനറേഷനും റീസെറ്റ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ, പാസ്സ്‌വേർഡുകൾ അയക്കാൻ നൽകിയ ഈ വിവരങ്ങൾ ബാങ്ക് രജിസ്റ്റർ ചെയ്യുമെന്ന് മനസ്സിലാക്കാം. മൊബൈൽ നമ്പർ അല്ലെങ്കിൽ ഇമെയിൽ ഐഡി അല്ലെങ്കിൽ ഏതെങ്കിലും യൂസറിന്റെ ടോക്കണിൽ എന്തെങ്കിലും മാറ്റം സംഭവിക്കുമ്പോൾ അംഗീകൃത സിഗ്നിറ്ററി ഒപ്പിട്ട ലെറ്റർ ഹെഡിൽ ബാങ്കിനെ അറിയിക്കും. അവരുടെ രജിസ്റ്റർ ചെയ്ത വിവരങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉപഭോക്താവ് ബാങ്കിനെ അറിയിക്കുന്നതിൽ കാലതാമസം വരുത്തുകയോ പരാജയപ്പെടുകയോ ചെയ്താൽ, അതുമൂലം ഉണ്ടാവുന്ന ഏതൊരു

നടപടിക്കും ഉപഭോക്താവ് ഉത്തരവാദിയായിരിക്കും, കൂടാതെ ബാങ്കിനെ ഏതെങ്കിലും തരത്തിലുള്ള നഷ്ടത്തിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യും.

14. ക്രമീകരണത്തിന് കീഴിൽ നൽകിയിട്ടുള്ള സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറും കേടുപാടുകൾ, ദുരുപയോഗം, അനധികൃത ആക്സസ്, മോഷണം എന്നിവയിൽ നിന്ന് സംരക്ഷിക്കാമെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.
15. എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ, പരസ്പരം നിശ്ചയിച്ച സമയത്തിനുള്ളിൽ ഉപഭോക്താവ് ബാങ്കിനെ അറിയിക്കും.
16. പരസ്പരം സൗകര്യപ്രദമായ സമയത്ത് ബാങ്കിന്റെയും ഉപഭോക്താവിന്റെയും സിസ്റ്റങ്ങൾക്കിടയിൽ ഡാറ്റ കൈമാറ്റം ചെയ്യുന്നതിന് ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും അതിന്റെ പരിസരത്ത് സ്ഥാപിക്കുന്നതിനും മാറ്റിസ്ഥാപിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ അവ പരിപാലിക്കുന്നതിനും ബാങ്കിന്റെ ഉദ്യോഗസ്ഥർക്കും അതിന്റെ അംഗീകൃത പ്രതിനിധികൾക്കും അനിയന്ത്രിതമായ പ്രവേശനം അനുവദിക്കാമെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.
17. ഈ സേവനം നിർത്തലാക്കുന്ന സാഹചര്യത്തിൽ, ഈ ക്രമീകരണത്തിന് കീഴിൽ ഉപഭോക്താവിന് ബാങ്ക് നൽകിയ എല്ലാ ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും ബാങ്കിന് തിരികെ നൽകണം.
18. ഈ സേവനം നിർത്തലാക്കുന്ന സാഹചര്യത്തിൽ, ബാങ്ക് അല്ലെങ്കിൽ അതിന്റെ പ്രതിനിധികൾ ഉപഭോക്താവിന്റെ ഹാർഡ്‌വെയർ സിസ്റ്റങ്ങളിൽ വിന്യസിച്ച എല്ലാ സോഫ്റ്റ്‌വെയറും ഉടൻ തന്നെ ശാശ്വതമായി നശിപ്പിക്കുമെന്നും ഈ ക്രമീകരണത്തിന് കീഴിൽ ബാങ്ക് നൽകിയ സോഫ്റ്റ്‌വെയറും ഡോക്യുമെന്റുകളും അടങ്ങിയ എല്ലാ മീഡിയയും ബാങ്കിലേക്ക് തിരികെ നൽകുമെന്നും ഉപഭോക്താവ് സമ്മതിക്കുന്നു.
19. ഉപഭോക്താവിന്റെ ഇആർപി/ആപ്ലിക്കേഷനിൽ നിന്ന് പേമെന്റുകൾ ആരംഭിച്ചുകഴിഞ്ഞാൽ, ഉപഭോക്താവിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, എച്ച്2എച്ച് ട്രാൻസാക്ഷനുകൾ ബാങ്ക് പ്രീ-അപ്രൂവ്ഡ് ട്രാൻസാക്ഷനുകളായി പ്രോസസ്സ് ചെയ്യുമെന്നും അത്തരം പ്രീ-അപ്രൂവ്ഡ് ഇടപാടുകളുടെ പ്രോസസ്സിംഗിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിച്ചുകഴിഞ്ഞാൽ, അവ കൂടുതൽ അനുമതിയുടെ ആവശ്യമില്ലാതെ 'നേരിട്ട്' തടസ്സമില്ലാതെ പ്രോസസ്സ് ചെയ്യുമെന്നും ഉപഭോക്താവ് സമ്മതിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. അത്തരം സാഹചര്യത്തിൽ, ഉപഭോക്താവിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്ക് നല്ല വിശ്വാസത്തിൽ നടപടി സ്വീകരിച്ച കാരണത്താൽ ഉപഭോക്താവിന് ഏതെങ്കിലും നഷ്ടം/കേടുപാടുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഉപഭോക്താവ് ബാങ്കിനെ ഒരു തരത്തിലും ബാധ്യസ്ഥനാക്കില്ല.

## 28. അനുബന്ധം - സർവ്വീസ് അഭ്യർത്ഥനകൾ

1. **മൊബൈൽ നമ്പർ അപ്ഡേഷൻ:** അക്കൗണ്ടുമായി ബന്ധപ്പെട്ട ഏതെങ്കിലും ആശയവിനിമയവും ട്രാൻസാക്ഷൻ ഉപദേശവും അയക്കുന്നതിന് ബാങ്ക് റെക്കോർഡിലുള്ള മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ബാങ്ക് ഉചിതമെന്ന് കരുതുന്ന ഏതെങ്കിലും ട്രാൻസാക്ഷന്റെ വെരിഫിക്കേഷൻ, കോൾ ബാക്ക് അല്ലെങ്കിൽ പരിശോധനകൾ എന്നിവയ്ക്കായി അപ്ഡേറ്റ് ചെയ്ത നമ്പറിൽ എന്നെ ബന്ധപ്പെടാനും ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു. മൊബൈൽ നമ്പർ എന്റെ കൈവശമുള്ളതാണെന്നും തേർഡ് പാർട്ടി ഉപയോഗിക്കുന്നില്ലെന്നും ഞാൻ സ്ഥിരീകരിക്കുന്നു. മൊബൈൽ നമ്പർ മാറ്റിയാൽ അത് സമയബന്ധിതമായും കൃത്യമായും ബാങ്കിനെ അറിയിക്കുമെന്ന് ഞാൻ ഉറപ്പുനൽകുന്നു.
2. **സ്കീം കോഡ് കൺവേർഷൻ:** തിരഞ്ഞെടുത്ത പുതിയ സ്കീം കോഡുമായി ബന്ധപ്പെട്ട ഫീച്ചറുകളും ചാർജ് ഘടനയും ഞങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഇത് അടുത്ത ചാർജ് സൈക്കിളിൽ, അതായത് തുടർന്നുള്ള മാസത്തിലെ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരും.
3. **ഇ-മെയിൽ ഐഡി അപ്ഡേഷൻ:** ഇ-മെയിൽ ഐഡി അക്കൗണ്ട് തലത്തിൽ അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ബാങ്കിൽ നിന്നുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റും കമ്മ്യൂണിക്കേഷനുകളും ഈ രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐഡിയിൽ അയക്കുന്നതാണ്. ഇമെയിൽ ഐഡി അപ്ഡേഷന്റെ അടിസ്ഥാനത്തിൽ, ഫിസിക്കൽ സ്റ്റേറ്റ്മെന്റ് നിർത്തലാക്കും.
4. **ചെക്ക് ബുക്ക് അഭ്യർത്ഥന:** ബാധകമായ ചെക്ക് ബുക്ക് നിരക്കുകൾ അടയ്ക്കാമെന്ന് ഞാൻ സമ്മതിക്കുന്നു, അത് എന്റെ അക്കൗണ്ടിൽ നിന്ന് കുറയ്ക്കുന്നതാണ്.
5. **ചെക്ക് പേമെന്റ് സ്റ്റോപ്പ് ചെയ്യുക:** സിംഗിൾ ചെക്ക് സ്റ്റോപ്പ് ചെയ്യാൻ, ചെക്ക് തിരഞ്ഞെടുത്ത് പേമെന്റ് നിർത്താൻ ചെക്ക് നമ്പർ എന്റർ ചെയ്യുക. ഒരു റേഞ്ചിലെ ഒന്നിലധികം ചെക്കുകൾ സ്റ്റോപ്പ് ചെയ്യാൻ, "സിംഗിൾ ചെക്ക്" തിരഞ്ഞെടുത്ത് നിങ്ങൾ നിർത്താൻ ആഗ്രഹിക്കുന്ന ചെക്ക് റേഞ്ച് എന്റർ ചെയ്യുക. നിങ്ങൾക്ക് ചെക്ക് നമ്പർ ഓർമ്മയില്ലെങ്കിൽ, "ചെക്ക് നമ്പർ തിരയുക, പേമെന്റ് നിർത്തുക" തിരഞ്ഞെടുക്കുക. നിങ്ങളുടെ അഭ്യർത്ഥന തൽക്ഷണം പ്രോസസ്സ് ചെയ്യുമെന്ന് ദയവായി ശ്രദ്ധിക്കുക. സമർപ്പിച്ചുകഴിഞ്ഞാൽ അഭ്യർത്ഥന പിൻവലിക്കാൻ കഴിയില്ല.

6. **ജിഎസ്ടിഐഎൻ അപ്ഡേഷൻ:**

1. ഞാൻ/ഞങ്ങൾ ഇതിനാൽ ആക്സിസ് ബാങ്ക് ലിമിറ്റഡിന് ("ബാങ്ക്") എന്റെ/ഞങ്ങളുടെ വ്യക്തമായ സമ്മതം നൽകുകയും അധികാരപ്പെടുത്തുകയും ചെയ്യുന്നു:
    1. ബാങ്ക് ഏർപ്പെടുത്തിയ ഒരു സേവന ദാതാവായ കാർസ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് ("കർസ")-മായി പങ്കിടുന്നതിന്

ബാങ്ക് എന്റെ/ഞങ്ങളുടെ പാൻ നമ്പർ ഉപയോഗിക്കുന്നതിനും ആക്സസ് ചെയ്യുന്നതിനും പ്രോസസ് ചെയ്യുന്നതിനും സ്റ്റോർ ചെയ്യുന്നതിനും, [ജിഎസ്ടി പോർട്ടലിൽ നിന്ന് എന്റെ ജിഎസ്ടിഐഎൻ നമ്പർ, ജിഎസ്ടിഐഎൻ സ്റ്റാറ്റസ്, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ, രജിസ്റ്റർ ചെയ്ത ഇമെയിൽ ഐഡി, വിലാസം ("ജിഎസ്ടിഐഎൻ ഡാറ്റ") വീണ്ടെടുക്കാൻ കർസ യെ പ്രാപ്തമാക്കുന്നതിന് ബാങ്കുമായും അതിന്റെ ഗ്രൂപ്പ് അനുബന്ധ സ്ഥാപനങ്ങളുമായും ജിഎസ്ടിഐഎൻ ഡാറ്റ പങ്കിടുന്നതിനും, കൈമാറുന്നതിനും, വെളിപ്പെടുത്തുന്നതിനും] കൂടാതെ,

2. ജിഎസ്ടിഐഎൻ ഡാറ്റ [ബാങ്കിന്റെയും അതിന്റെ അനുബന്ധ ഗ്രൂപ്പ് സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും ക്രെഡിറ്റ് വിലയിരുത്തലിനും, ക്രെഡിറ്റ് ബ്യൂറോ പരിശോധനകൾക്കും, ക്രെഡിറ്റ് സ്കോറിംഗ് മോഡലുകളും ബിസിനസ്സ് തന്ത്രങ്ങളും വികസിപ്പിക്കുന്നതിനും, തട്ടിപ്പ് കണ്ടെത്തുന്നതിനും കള്ളപ്പണം വെളുപ്പിക്കൽ വിരുദ്ധ ബാധ്യതകൾക്കും, കൂടാതെ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ, ഇൻഫർമേഷൻ യൂട്ടിലിറ്റികൾ, മറ്റ് ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, റെഗുലേറ്ററി അതോറിറ്റികൾ, അന്വേഷണ ഏജൻസികൾ, ജുഡീഷ്യൽ, ക്വാസി-ജുഡീഷ്യൽ, സ്റ്റാറ്റ്യൂട്ടറി അതോറിറ്റികൾ എന്നിവരുമായി ജിഎസ്ടിഐഎൻ ഡാറ്റ പങ്കിടുന്നതിനും വെളിപ്പെടുത്തുന്നതിനും] ബാങ്കും അതിന്റെ അനുബന്ധ ഗ്രൂപ്പ് സ്ഥാപനങ്ങളും [ഉപയോഗിക്കുന്നതിനും, ആക്സസ് ചെയ്യുന്നതിനും, പ്രോസസ്സ് ചെയ്യുന്നതിനും, സംഭരിക്കുന്നതിനും, പരിശോധിക്കുന്നതിനും, പ്രൊഫൈൽ വിശകലനം ചെയ്യുന്നതിനും, പങ്കിടുന്നതിനും, കൈമാറുന്നതിനും വെളിപ്പെടുത്തുന്നതിനും].

2. കർസ ഏതെങ്കിലും വിധത്തിൽ ജിഎസ്ടിഐഎൻ ഡാറ്റ ലംഘിക്കുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്താൽ ബാങ്കിനെ ഞാൻ/ഞങ്ങൾ ബാധ്യസ്ഥരാക്കില്ല, എന്റെ/ഞങ്ങളുടെ ജിഎസ്ടിഐഎൻ ഡാറ്റയുടെ ഉപയോഗം ഏതെങ്കിലും രീതിയിൽ ഓഡിറ്റ് ചെയ്യാനോ നിരീക്ഷിക്കാനോ അവലോകനം ചെയ്യാനോ വിലയിരുത്താനോ ബാങ്ക് ബാധ്യസ്ഥരല്ലെന്ന് ഞാൻ/ഞങ്ങൾ സമ്മതിക്കുകയും സ്ഥിരീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

7. **ഐഎഫ്എസ് കോഡ് അപ്ഡേഷൻ:**

1. ഞാൻ/ഞങ്ങൾ ഇതിനാൽ ആക്സിസ് ബാങ്ക് ലിമിറ്റഡിന് ("ബാങ്ക്") എന്റെ/ഞങ്ങളുടെ വ്യക്തമായ സമ്മതം നൽകുകയും അധികാരപ്പെടുത്തുകയും ചെയ്യുന്നു:

   (a) ബാങ്ക് ഏർപ്പെടുത്തിയ സേവന ദാതാവായ ജോക്കറ്റ ഫൈനാൻഷ്യൽ അഡ്വൈസറി & ടെക്നോളജി ("ജോക്കാട്ട")-മായി ഷെയർ ചെയ്യുന്നതിനായി

എന്റെ/ഞങ്ങളുടെ ഐഇസി നമ്പർ ഉപയോഗിക്കാനും, ആക്സസ് ചെയ്യാനും, പ്രോസസ്സ് ചെയ്യാനും, സംഭരിക്കാനും [ഡിജിഎഫ്ടി പോർട്ടലിൽ നിന്ന് എന്റെ ഐഇസി നമ്പർ, ഐഇസി സ്റ്റാറ്റസ് എന്നിവ വീണ്ടെടുക്കാൻ ജോക്കാട്ട-യെ പ്രാപ്തമാക്കാനും ബാങ്കുമായും അതിന്റെ അനുബന്ധ ഗ്രൂപ്പ് സ്ഥാപനങ്ങളുമായും ഐഇസി ഡാറ്റ ഷെയർ ചെയ്യാനും കൈമാറാനും വെളിപ്പെടുത്താനും] ബാങ്കിനെ അധികാരപ്പെടുത്തുന്നു, കൂടാതെ,

(b) ഐഇസി ഡാറ്റ [ബാങ്കിന്റെയും അതിന്റെ അനുബന്ധ ഗ്രൂപ്പ് സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും ക്രെഡിറ്റ് വിലയിരുത്തലിനും ക്രെഡിറ്റ് ബ്യൂറോ പരിശോധനകൾക്കും ക്രെഡിറ്റ് സ്കോറിംഗ് മോഡലുകളും ബിസിനസ്സ് തന്ത്രങ്ങളും വികസിപ്പിക്കുന്നതിനും തട്ടിപ്പ് കണ്ടെത്തുന്നതിനും കള്ളപ്പണം വെളുപ്പിക്കൽ വിരുദ്ധ ബാധ്യതകൾക്കും ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ, ഇൻഫർമേഷൻ യൂട്ടിലിറ്റികൾ, മറ്റ് ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, റെഗുലേറ്ററി അതോറിറ്റികൾ, അന്വേഷണ ഏജൻസികൾ, ജുഡീഷ്യൽ, ക്വാസി-ജുഡീഷ്യൽ, സ്റ്റാറ്റ്യൂട്ടറി അതോറിറ്റികൾ എന്നിവരുമായി ഐഇസി ഡാറ്റ പങ്കിടുന്നതിനും വെളിപ്പെടുത്തുന്നതിനും] ബാങ്കും അതിന്റെ അനുബന്ധ ഗ്രൂപ്പ് സ്ഥാപനങ്ങളും [ഉപയോഗിക്കുന്നതിനും, ആക്സസ് ചെയ്യുന്നതിനും, പ്രോസസ്സ് ചെയ്യുന്നതിനും, സംഭരിക്കുന്നതിനും, പരിശോധിക്കുന്നതിനും, പ്രൊഫൈൽ വിശകലനം ചെയ്യുന്നതിനും, പങ്കിടുന്നതിനും, കൈമാറുന്നതിനും വെളിപ്പെടുത്തുന്നതിനും].

2. ജോക്കാട്ട നടത്തുന്ന ഏതെങ്കിലും തരത്തിലുള്ള ഐഇസി ഡാറ്റയുടെ ലംഘനത്തിനോ ദുരുപയോഗത്തിനോ ബാങ്കിനെ ഞാൻ/ഞങ്ങൾ ബാധ്യസ്ഥരാക്കില്ല, കൂടാതെ ജോക്കാട്ട എന്റെ/ഞങ്ങളുടെ ഐഇസി ഡാറ്റ എങ്ങനെ ഉപയോഗിക്കുന്നു എന്നത് പരിശോധിക്കുകയോ, നിരീക്ഷിക്കുകയോ, അവലോകനം ചെയ്യുകയോ, വിലയിരുത്തുകയോ ചെയ്യാനുള്ള ബാധ്യത ബാങ്കിന് ഇല്ലെന്നും ഞാൻ/ഞങ്ങൾ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു.

## 8. ടിഒഡി (ടെംപററി ഓവർ ഡ്രാഫ്റ്റ്)

റിലീസ് ചെയ്ത ഓവർഡ്രാഫ്റ്റിന്റെ തുക മേൽപ്പറഞ്ഞ ആവശ്യത്തിനായി മാത്രമേ ഉപയോഗിക്കുകയുള്ളൂവെന്ന് ഞങ്ങൾ സ്ഥിരീകരിക്കുന്നു,

ആർബിട്രേജ്, പേഴ്സണൽ ട്രേഡിംഗ്, പണയം വെച്ച സെക്യൂരിറ്റികൾ/മ്യൂചൽ ഫണ്ടുകൾ/ഡിബഞ്ചറുകളിലെ നിക്ഷേപം എന്നിവയ്ക്ക് അല്ലെന്നും മുകളിൽ പരാമർശിച്ച ദിവസം മേൽപ്പറഞ്ഞ ഓവർഡ്രാഫ്റ്റ് റെഗുലറൈസ് ചെയ്യുമെന്നും ഞങ്ങൾ ഉറപ്പുനൽകുന്നു. കൂടാതെ, പേഔട്ട് കൂടാതെ/അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂഷണൽ ട്രേഡുകൾക്ക് മേൽ ടിഡിഡി അനുവദിക്കുന്നതിന്റെ ഫലമായി ബാങ്കിന് ഉണ്ടാകാവുന്ന ഏതെങ്കിലും നഷ്ടം/റിസ്ക്/ഡാമേജ് എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുമെന്നും ബാങ്കിനെ ഒരു തരത്തിലും ബാധ്യസ്ഥരാക്കില്ലെന്നും ഞങ്ങൾ ഉറപ്പുനൽകുന്നു. നിങ്ങൾ ആവശ്യപ്പെടുമ്പോൾ കാലാകാലങ്ങളിൽ ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള പരമാവധി ലെൻഡിംഗ് നിരക്കിലും കുടിശ്ശിക പലിശയിലും അത്തരം നഷ്ടം/റിസ്ക്/നാശനഷ്ടങ്ങൾ ഞങ്ങൾ റീഇംബേഴ്സ് ചെയ്യും. പേഔട്ടിന്മേലുള്ള ടിഡിഡിയുടെ കാര്യത്തിൽ സെറ്റിൽമെന്റ് അക്കൗണ്ടിൽ നിന്നോ അല്ലെങ്കിൽ ബാങ്കിനുള്ള ടിഡിഡി ബാധ്യത നിറവേറ്റുന്നതിൽ എന്തെങ്കിലും കുറവ് ഉണ്ടെങ്കിൽ ബാങ്കിൽ നിലനിർത്തുന്ന കമ്പനിയുടെ ഏതെങ്കിലും അക്കൗണ്ടുകളിൽ നിന്നോ ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള ഞങ്ങളുടെ അനുമതി സ്വീകരിക്കാൻ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ട്രാൻസ്ഫർ അക്കൗണ്ട് ഉടമയുടെ ഉത്തരവാദിത്തത്തിൽ മാത്രമേ നടത്തുകയുള്ളൂ. കാലാകാലങ്ങളിൽ പ്രാബല്യത്തിൽ വരുന്ന ബാങ്കിന്റെ നിയമങ്ങൾ ഞങ്ങൾ പാലിക്കും. നിങ്ങളുടെ ബാങ്കിൽ പരിപാലിക്കുന്ന ഞങ്ങളുടെ നിർദ്ദിഷ്ട അക്കൗണ്ടിൽ നിന്ന് നിങ്ങളുടെ നിരക്കുകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, ഡെബിറ്റ് ചെയ്യാവുന്നതാണ്. പ്രസ്തുത സൗകര്യം ബാങ്ക് കാലാകാലങ്ങളിൽ ഈടാക്കുന്ന നിരക്കിൽ നൽകുമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.

## 29. ആക്സിസ് മൊബൈൽ കോർപ്പറേറ്റിൽ എംപിൻ ഉപയോഗിച്ച് ലോഗിൻ ചെയ്യുക

### രജിസ്ട്രേഷൻ:

മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ രജിസ്ട്രേഷൻ പ്രക്രിയയിൽ ഉപയോക്താവിനോട് എംപിൻ സജ്ജമാക്കാൻ ആവശ്യപ്പെടും, ഉപയോക്താവിന് സ്വന്തം റിസ്കിലും ഉത്തരവാദിത്തത്തിലും എത്ര തവണ വേണമെങ്കിലും എംപിൻ മാറ്റാനുള്ള സ്വാതന്ത്ര്യമുണ്ട്. എംപിൻ-ന്റെ സ്വകാര്യത സംരക്ഷിക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം ഉപയോക്താവിനായിരിക്കും, അതിനാൽ അംഗീകൃത ഉപയോക്താവ് ഒഴികെയുള്ള മറ്റാരെങ്കിലും പ്രസ്തുത എംപിൻ ദുരുപയോഗം ചെയ്യുന്നതിന് ബാങ്ക് ഒരു തരത്തിലും ഉത്തരവാദിയായിരിക്കില്ല.

മൊബൈൽ ബാങ്കിംഗ് സൗകര്യത്തിന്റെ ദുരുപയോഗം / അനധികൃത ഉപയോഗം കാരണം ഉപയോക്താവിന് ഉണ്ടാകുന്ന നഷ്ടം ഉൾപ്പെടെ ഇക്കാര്യത്തിൽ ബാങ്ക് യാതൊരു ഉത്തരവാദിത്തവും ഏറ്റെടുക്കില്ല.

ഉപയോക്താവ് എംപിൻ മറന്നുപോയാൽ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷനിൽ എംപിൻ റീസെറ്റ് ചെയ്യാനുള്ള ഒരു ഫീച്ചർ ഉണ്ട്

മൊബൈൽ ഫോൺ നമ്പർ വെരിഫിക്കേഷൻ വഴി കൂടാതെ/അല്ലെങ്കിൽ ആക്സിസ് ബാങ്കിന്റെ വിവേചനാധികാരത്തിൽ നിർദ്ദേശിച്ചേക്കാവുന്ന എംപിൻ വെരിഫിക്കേഷൻ വഴി ഉപഭോക്താവിന്റെ ആധികാരികത ഉറപ്പാക്കുന്ന രീതി ആക്സിസ് ബാങ്ക് സ്വീകരിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ആധികാരികതയുടെ അനധികൃത ആക്സസ് കൂടാതെ/അല്ലെങ്കിൽ ഉപയോഗം ഉപഭോക്താവിന്റെ അക്കൗണ്ടിന്റെ സുരക്ഷയ്ക്ക് റിസ്ക് ഉയർത്താം. അതിനാൽ, വെരിഫിക്കേഷൻ രീതികൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമപരമായ റിസ്കുകൾ ഒഴിവാക്കാൻ, മൊബൈൽ ഫോൺ നമ്പർ, എംപിൻ അല്ലെങ്കിൽ ആക്സിസ് ബാങ്കിന്റെ വിവേചനാധികാരത്തിൽ നിർദ്ദേശിച്ചേക്കാവുന്ന മറ്റേതെങ്കിലും വെരിഫിക്കേഷൻ രീതി പോലുള്ള ആധികാരിക മാനദണ്ഡങ്ങളുടെ പൂർണ്ണമായ സ്വകാര്യത, രഹസ്യ സ്വഭാവം, സംരക്ഷണം എന്നിവ ഉപഭോക്താവ്(ക്കൾ) ഉറപ്പാക്കണം.

ആക്സിസ് മൊബൈൽ കോർപ്പറേറ്റിന് കീഴിൽ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ - ഇന്ത്യൻ പൗരനും രജിസ്ട്രേഷൻ തീയതിയിൽ 18 വയസ്സിന് മുകളിൽ പ്രായവുമുള്ള ഉപയോക്താക്കൾക്ക്, ആക്സിസ് മൊബൈൽ കോർപ്പറേറ്റ് ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് അത് വിജയകരമായി ഇൻസ്റ്റാൾ ചെയ്യുകയും തുടർന്ന് ബാധകമായ ക്രെഡൻഷ്യലുകൾ ഉപയോഗിച്ച് സ്വയം ആധികാരികമാക്കുകയും എംപിൻ സെറ്റ് ചെയ്യുകയും വേണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ലഭ്യമാണ്.

**ഉപയോക്താവിന്റെ ബാധ്യതകളും ഉത്തരവാദിത്തങ്ങളും:**

1. പ്രസ്തുത സേവനങ്ങൾ ഉപയോഗിക്കുന്നതിന് ഉപയോക്താവ് തന്റെ മൊബൈൽ ഫോണും എംപിനും സംരക്ഷിക്കുന്നതിന് പൂർണ്ണമായും ഉത്തരവാദി ആയിരിക്കും.
2. മുകളിൽ പരാമർശിച്ച ഏതെങ്കിലും എംപിൻ അല്ലെങ്കിൽ ആക്സിസ് മൊബൈൽ കോർപ്പറേറ്റിൽ നൽകിയിട്ടുള്ള ക്രെഡൻഷ്യലുകളുടെ ഏതെങ്കിലും തരത്തിലുള്ള അനധികൃതമായ അല്ലെങ്കിൽ നിയമവിരുദ്ധമായ ഉപയോഗം അല്ലെങ്കിൽ വഞ്ചനാപരമായ അല്ലെങ്കിൽ തെറ്റായ ഏതെങ്കിലും നിർദ്ദേശം നൽകിയത് മൂലം ഉണ്ടാകുന്ന ഏതെങ്കിലും സാമ്പത്തിക ചെലവുകൾക്കും ഉപയോക്താവ് ബാങ്കിന് ബാധ്യസ്ഥനായിരിക്കും, അത് ഉപയോക്താവാണ് നൽകേണ്ടത്.
3. പ്രസ്തുത സേവനങ്ങളുടെ ആവശ്യങ്ങൾക്കായി സാധുതയുള്ള എംപിൻ ഉപയോഗിച്ച് ഉപയോക്താവ് രജിസ്റ്റർ ചെയ്ത മൊബൈൽ ഫോൺ നമ്പറിൽ നിന്ന് ചെയ്യുന്ന ഏതൊരു ട്രാൻസാക്ഷനും ഉപയോക്താവ് തന്റെ സ്വന്തം വിവേചനാധികാരത്തിൽ ആരംഭിച്ചതായി കണക്കാക്കുമെന്ന് ഉപയോക്താവ് അംഗീകരിക്കുന്നു

**മറ്റ് സേവന നിബന്ധനകൾ:**

1. എംപിൻ/ഒടിപി/കോഡ്/പാസ്സ്‌വേർഡിന്റെ രഹസ്യസ്വഭാവം നിലനിർത്തുന്നതിനും അത്തരം എംപിൻ/ഒടിപി/പാസ്കോഡ്/പാസ്‌വേർഡിന്റെ ഉപയോഗം അല്ലെങ്കിൽ ദുരുപയോഗം കാരണം ഉണ്ടായേക്കാവുന്ന എല്ലാ അനന്തരഫലങ്ങൾക്കും ഉപയോക്താവ് ഉത്തരവാദിയായിരിക്കും.
2. അശ്രദ്ധമായ പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന എല്ലാ നഷ്ടത്തിനും അല്ലെങ്കിൽ ആക്സിസ് മൊബൈൽ - കോർപ്പറേറ്റ് ആപ്ലിക്കേഷനിൽ തന്റെ പേരിൽ നടത്തിയ ഏതെങ്കിലും അനധികൃത ഉപയോഗം/ആക്സസ് അല്ലെങ്കിൽ എംപിൻ/ ഒടിപി/പാസ്കോഡ്/പാസ്‌വേർഡ് എന്നിവയുടെ ദുരുപയോഗം അല്ലെങ്കിൽ സേവനങ്ങളുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും സുരക്ഷാ ലംഘനം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ന്യായമായ സമയത്തിനുള്ളിൽ ആക്സിസ് ബാങ്കിനെ അറിയിക്കുന്നതിൽ ഉപയോക്താവ് പരാജയപ്പെടുന്നത് മൂലമുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ഉപയോക്താവ് ഉത്തരവാദിയായിരിക്കും.
3. ഉപയോക്താവ് നൽകുന്ന ഏതൊരു നിർദ്ദേശവും, അദ്ദേഹം ഈ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന ആധികാരിക എംപിൻ/ഒടിപി/പാസ്കോഡ്/പാസ്‌വേർഡ് വാലിഡേഷൻ ചെയ്ത ശേഷമേ നടപ്പാക്കുകയുള്ളൂവെന്ന് ഉപയോക്താവ് സ്ഥിരീകരിക്കുന്നു.

നിരാകരണം: ഉപയോക്താവിന്റെ എംപിൻ, പാസ്സ്‌വേർഡ്, പാസ്കോഡ്, ഒടിപി അല്ലെങ്കിൽ മൊബൈൽ ഫോൺ നമ്പർ എന്നിവയുടെ അനധികൃത ഉപയോഗം ഉണ്ടാകുന്ന സാഹചര്യത്തിൽ, ഉപയോക്താവിന്റെ എംപിൻ, പാസ്‌വേർഡ്, പാസ്കോഡ്, ഒടിപി അല്ലെങ്കിൽ മൊബൈൽ ഫോൺ നമ്പർ ഉപയോഗിച്ച് നടത്തിയ ഏതെങ്കിലും തട്ടിപ്പോ നൽകിയ ഏതെങ്കിലും ഡ്യൂപ്ലിക്കേറ്റ് അല്ലെങ്കിൽ തെറ്റായ ട്രാൻസാക്ഷൻ നിർദ്ദേശങ്ങളോ നിമിത്തം ഉണ്ടാകുന്ന ബാധ്യതയിൽ നിന്ന് ആക്സിസ് ബാങ്ക് ഒഴിവാക്കപ്പെടും.

**30. എഫ്എക്സ് & മാർക്കറ്റ്സ്**

നിബന്ധനകളും വ്യവസ്ഥകളും

**31. ഫിക്സഡ് ഡിപ്പോസിറ്റ് - നിബന്ധനകൾ**

ഡിജിറ്റൽ ഫിക്സഡ് ഡിപ്പോസിറ്റുമായി ബന്ധപ്പെട്ട വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായിഇവിടെ ക്ലിക്ക് ചെയ്യുക

**32. ഡെബിറ്റ് കാർഡുകൾ**

നിബന്ധനകളും വ്യവസ്ഥകളും